Satyameva Jayate
(सत्यमेव जयते)

THERE IS NO RELIGION HIGHER THAN TRUTH

# കുറ്റകൃത്യങ്ങളും അവയുടെ സങ്കീർണ്ണതകളും



വിദ്യാർത്ഥി സമൂഹത്തിന്റെ പൊതുനന്മയ്ക്കായി പ്രസിദ്ധീകരിക്കുന്നത്

**സനാതനധർമ്മ വിദ്യാശാല, ആലപ്പുഴ**

*History of our Institutions*

The Sanatana Dharma Vidyasala was founded on 18th January 1905 by a team of socially committed citizens of Alappuzha led by Rao Bahadur K. A. Krishna Iyengar, Dr. S. Venkitarama Naidu and others on the inspiration and motivation of the eminent Theosophist Dr. Annie Besant. In the year 1946, by the efforts of Sri. K. Parthasarathy Iyengar and Sri. V. Sundara Raja Naidu, sons of the founding fathers, a college under the name

**The Sanatana Dharma Vidyasala is administrated by a Managing Committee consisting of**



**S. Mahadevan FCA**
(President, Sanatana Dharma Vidyasala Trust)




**R. Krishnan M.Com. FCA**
(President, SDV Managing Committee & Manager, SDV EMHSS)




**N. Neelakandan**
(Secretary, SDV Managing Committee)



**P. Krishna Kumar**
(Member, SDV Managing Committee & Manager SD College & SDV College)




**S. Subbarayalu Naidu**
(Member, SDV Managing Committee)



**P.S. Raghavan**
(Member, SDV Managing Committee)



**A. Siva Subramanian**
(Member, SDV Managing Committee)



**Prof. S. Ramanand**
(Member, SDV Managing Committee & Manager SDV Schools)

Sanatana Dharma College was started in the Vidyasala compound, which was inaugurated by Dr. C. P. Ramaswamy Iyer, the Diwan of erstwhile State of Travancore. In 1950, the college was shifted to Kalarkode, where it is functioning since then. In 1967, Sanatana Dharma Vidyasala was bifurcated into SDV Girls' High School and SDV Boys' High School. The long cherished wish of the public in and around Alappuzha town was fulfilled in the year 1972, when Sanatana Dharma Vidyasala started an English Medium School, affiliated to the Central Board of Secondary Education, New Delhi by the untiring efforts of late Sri. K. Parthasarathy Iyengar. In June 2000, consequent on the delinking of Pre-degree course from affiliated colleges, SDV Higher Secondary School offering +1 and +2 courses came into existence. At present, Sanatana Dharma Vidyasala is offering educational facilities from LKG to Research level.

Sanatana Dharma Vidyasala, a non-profit making institution registered under the Companies Act 1909, has contributed much to the social, cultural and educational activities of Alappuzha. The Vidyasala, which celebrated its centenary in the year 2004-2005, owns and manages the following educational institutions.

1) SDV Girls High School
2) SDV Boys High School
3) Sanatana Dharma College
4) SDV College of Applied Science
5) SDV English Medium Higher Secondary School- Affiliated to CBSE
6) SDV Higher Secondary School (State Syllabus)
7) SDV Kindergarten

Sanatana Dharma Vidyasala Proudly Presents "Kuttakrithyangalum Avayude Sankeernathakalum" a concept to inculcate students about various crimes, its punishments & consequences aimed to create a crimeless society through awareness at a young age itself.

# ഉള്ളടക്കം


ആമുഖം........................................................................ 05

അവതാരിക ........................................................................ 08

ചില നിയമ വശങ്ങൾ................................................................ 10

വിവിധ കുറ്റകൃത്യങ്ങളുടെ
നടപടിക്രമങ്ങൾ.................................................................... 13

ബാബുവിന്റെ പ്രശ്നം................................................................ 18

മൊബൈൽഫോൺ -
ഇന്റർനെറ്റ് ദുരുപയോഗം........................................................ 23

ജയിലറകളിലെ ജീവിതം........................................................ 25

കുറ്റകൃത്യങ്ങളിലേക്ക് നയിക്കുന്നത്....................................... 31

സ്വഭാവരൂപീകരണം
കുടുംബത്തിൽ തുടങ്ങാം........................................................ 34

കുട്ടികളുടെ രക്ഷകർ.............................................................. 35

ഉപസംഹാരം........................................................................ 37

വിദ്യാർത്ഥികൾക്കുള്ള ചോദ്യങ്ങൾ ...................................... 39

സന്ദേശം ............................................................................ 40

സന്ദേശം ............................................................................ 42

സന്ദേശം ............................................................................ 45

# കുറ്റകൃത്യങ്ങളും അവയുടെ സങ്കീർണ്ണതകളും

## ആമുഖം

ആദിമമനുഷ്യസമൂഹം അപരിഷ്കൃതവും അവ്യവസ്ഥാപിതവുമായിരുന്നു. കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്നുള്ളതായിരുന്നു അന്നത്തെ വ്യവസ്ഥ. മനുഷ്യന്റെ വിജ്ഞാനമണ്ഡലം പരിമിതമായിരുന്നു. ജനങ്ങൾ വിദ്യാസമ്പന്നരാകുന്നതോടെ പ്രാകൃത ജന്തുവാസനകളും ആചാരങ്ങളും ശീലങ്ങളും കൂടുതൽ സംശുദ്ധവും സംസ്കാരസമ്പന്നവുമാകുമെന്ന് പ്രതീക്ഷിച്ചുവെങ്കിലും അങ്ങനെ സംഭവിച്ചില്ല. ശാസ്ത്രവും സാങ്കേതിക വിദ്യയും വികസിച്ചുവെങ്കിലും, ജനാധിപത്യ സമ്പ്രദായം പൗരബോധമുണർത്തിയെങ്കിലും, അവയ്ക്ക് ആനുപാതികമായ സാംസ്കാരികവും മാനസികവുമായ വളർച്ച വ്യക്തിക്കും സമൂഹത്തിനുമുണ്ടായില്ല. മാത്രമല്ല പ്രാകൃതമനുഷ്യ മനസ്സിലെ അക്രമ വാസനകൾ പരിഷ്കൃത ലോകത്ത് കുറ്റവാസനകളുടെ പുതിയ രൂപമെടുത്തു.

ഇന്ന് ദിനപത്രങ്ങൾ വഴിയും റേഡിയോ, ടെലിവിഷൻ തുടങ്ങിയ നവ മാധ്യമങ്ങളിലൂടെയും നമുക്ക് ലഭിക്കുന്ന വാർത്തകൾ കുറ്റകൃത്യങ്ങളുടെ സംഭവപരമ്പരകളുമായി എത്തുന്നു. ഈ കുറ്റകൃത്യങ്ങളുടെ കരാളഹസ്തത്തിൽ നിന്നും പുതിയ തലമുറയെ രക്ഷിക്കേണ്ട കടമ ഓരോ മനുഷ്യസ്നേഹിക്കുമുണ്ട്.

കുറ്റകൃത്യങ്ങളിൽ മുഖ്യമായും ഇടം പിടിക്കുന്നത് സ്ത്രീ കൾക്കും കുട്ടികൾക്കും നേരെയുള്ള ആക്രമണങ്ങൾ, സ്ത്രീധന മരണം, ഭർതൃപീഡനം, ആത്മഹത്യാപ്രേരണപോലെയുള്ള ഗുരുതരമായകുറ്റങ്ങൾ, മോഷണം, സംഘട്ടനങ്ങൾ, കൊലപാതക ങ്ങൾ, അഴിമതി, കൈക്കൂലി, കൂടാതെ ഹവാല, കള്ളക്കടത്ത് മുതലായ രാജ്യദ്രോഹ കുറ്റങ്ങൾ എന്നിവയാണ്.

ബ്രിട്ടീഷുകാർ ഇന്ത്യ ഭരിക്കുമ്പോൾത്തന്നെ കുറ്റകൃത്യങ്ങളുടെ എണ്ണവും മറ്റും രേഖപ്പെടുത്തിയിരുന്നു. മാത്രമല്ല ഇന്ന് അത് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ കീഴിലുള്ള National Crime Records Bureau (NCRB) യുടെ നേതൃത്വത്തിൽ ആണ് ഓരോ വർഷവും പ്രസിദ്ധീകരിക്കുന്നത്. 2018 ലെ കണക്ക് അനുസരിച്ച് 50,74,654 കുറ്റങ്ങളാണ് ഏകദേശം ഇന്ത്യയിൽ നടന്നത്. അതിൽ 5,85,157 എണ്ണം നടന്നത് 23 കോടി ജനസംഖ്യയുള്ള ഉത്തർപ്രദേശിലാണെങ്കിൽ നമ്മുടെ കൊച്ചുകേരളത്തിൽ (3.3 കോടി ജനസംഖ്യമാത്രം) 5,12,167 എണ്ണം നടന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. എന്നാൽ 455/1,00,000 എന്ന തോതിൽ ലക്ഷത്തിലുള്ള ക്രൈം റേറ്റിൽ കേരളം 1-ാം സ്ഥാനത്തും 47/1,00,000 എന്ന തോതിൽ നാഗാലാൻഡ് അവസാനത്തെ സ്ഥാനവും പിടിക്കുന്നു.

ഇത് കേരളത്തിനെ സംബന്ധിച്ചിടത്തോളം ഒരു നല്ല വാർത്തയല്ല (എന്നാൽ സാക്ഷരതയിലും ആരോഗ്യ രംഗത്തും കേരളം ഭാരതത്തിൽ പ്രമുഖ സ്ഥാനം അലങ്കരിക്കുന്നു എന്നും നാം ഓർക്കണം), കൂടാതെ മദ്യത്തിന്റെ ഉപയോഗത്തിലും കേരളം ദേശീയതലത്തിൽ ഉയർന്ന സ്ഥാനത്താണ് എന്നത് ഒരു യാഥാർത്ഥ്യമാണ്. മാത്രമല്ല ലഹരി ഉപയോഗവും കുറ്റകൃത്യങ്ങളും തമ്മിൽ വളരെ അടുത്ത ബന്ധമുണ്ടെന്ന് മുകളിലത്തെ കണക്കുകൾ സൂചിപ്പിക്കുന്നു.

എന്നാൽ വളർന്നുവരുന്ന പുതിയ തലമുറയെ, പ്രത്യേകിച്ച് വിദ്യാർത്ഥികളെ കുറ്റകൃത്യങ്ങളെക്കുറിച്ചും അവയുടെ ശിക്ഷകളെക്കുറിച്ചും പിന്നെ സങ്കീർണ്ണതകളെക്കുറിച്ചും ശാസ്ത്രീയമായി യു.പി. ഹൈസ്ക്കൂൾ തലത്തിൽ ബോധവത്ക്കരണം നടത്തിയാൽ ഒരു പരിധിവരെ നമുക്ക് കുറ്റകൃത്യങ്ങളുടെ എണ്ണം ഭാവിയിൽ തടയാം. കാരണം ചെറിയ പ്രായത്തിൽതന്നെ മനസ്സിൽ തറയ്ക്കുന്ന നല്ല മൂല്യങ്ങളും അറിവുകളും അവർ ജീവിതകാലം മുഴുവൻ പ്രയോജനപ്പെടുത്തും. ഇങ്ങനെ ഒരു ആശയത്തിലാണ് ഈ ലഘുപുസ്തകം തയ്യാറാക്കിയത്. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന സിലബസ് പരിഷ്ക്കരണങ്ങളിൽ ഈ വിഷയം കൂടി ഉൾപ്പെടുത്തണമെന്ന് അപേക്ഷിച്ചുകൊണ്ട് കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കയച്ച പതിപ്പിന്റെ പകർപ്പാണ് ഇവിടെ കൊടുത്തിരിക്കുന്നത്. ലളിതമായി തയ്യാറാക്കിയ ഈ പാഠ്യപദ്ധതി അദ്ധ്യാപകരിലൂടെയും രക്ഷിതാക്കളിലൂടെയും വിദ്യാർത്ഥികൾക്കും, അതുവഴി പൊതു സമൂഹത്തിനും പ്രയോജനകരമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.




*ആശയം, രചന, ആവിഷ്ക്കാരം*

**എ. ശിവസുബ്രഹ്മണ്യൻ**

മാനേജിംഗ് കമ്മറ്റി അംഗം,

സനാതന ധർമ്മ വിദ്യാശാല, ആലപ്പുഴ

ട്രഷറർ, തിയോസഫിക്കൽ സൊസൈറ്റി, ആലപ്പുഴ

മൊബൈൽ : 9847034732

e-mail : swethnan@gmail.com


Concept & Illustration


©author2021


ആലപ്പുഴ

01-01-2021


ശ്രീഗോമതി, വടക്കേമഠം

മുല്ലയ്ക്കൽ, ആലപ്പുഴ - 688011

# അവതാരിക

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. നാം രാവിലെ മുതൽ രാത്രി വരെ ഉപയോഗിക്കുന്ന വസ്തുക്കൾ പരിശോധിച്ചുനോക്കാം. ടൂത്ത് ബ്രഷ്, പേസ്റ്റ്, സോപ്പ്, ടൗവ്വൽ, നാം ധരിക്കുന്ന വസ്ത്രങ്ങൾ, കഴിക്കുന്ന ആഹാരങ്ങളും പാനീയങ്ങളും, ഉപയോഗിക്കുന്ന ഫർണിച്ചർ, വാഹനങ്ങളും യന്ത്രസാമഗ്രികളും എന്തിന് നമ്മുടെ വീടുപോലും നാം ഉണ്ടാക്കിയതല്ല; മറ്റുള്ളവർ നമുക്കുവേണ്ടി തരപ്പെടുത്തുന്നതാണ്. ഇതിൽ നിന്നും സമൂഹത്തിനുള്ള നമ്മുടെ സംഭാവന എത്ര നിസ്സാരമാണെന്ന് ബോധ്യപ്പെടും. നമ്മുടെ ബാദ്ധ്യത നിറവേറ്റണമെങ്കിൽ നാം നിയമങ്ങൾ അനുസരിച്ച് ജീവിക്കുകയും ഏറ്റെടുക്കുന്ന ജോലി ഭംഗിയായി നിറവേറ്റുകയും വേണം.

നാം ഒരു തവണ മാത്രമേ ജീവിക്കുകയുള്ളൂ. മറ്റുള്ളവരും അതുപോലെതന്നെ. നാം മാന്യമായി ജീവിക്കുകയും മറ്റുള്ളവരെ അതുപോലെ ജീവിക്കുവാൻ അനുവദിക്കുകയും ചെയ്യുന്നതാണ് ഏറ്റവും വലിയ കടമ. നമ്മളുടെ അവകാശങ്ങളും അധികാരവും മറ്റുള്ളവരുടെ അവകാശങ്ങളുമായി പൊരുത്തപ്പെട്ടു പോകണം. ഇതിന് നാം കുറേ ത്യാഗങ്ങൾ സഹിച്ചേ മതിയാകൂ.

കുറ്റകൃത്യങ്ങൾ ആദ്യം ഉടലെടുക്കുന്നത് മനസ്സിൽ ആണ്. വധു വരന്റെ കവിളിൽ അടിക്കുന്നു. അവൻ അന്തംവിട്ട് നോക്കുന്നു. വധു തന്റെ കൈപ്പത്തി കാണിക്കുന്നു. അതിൽ രക്തം കുടിച്ച ഒരു കൊതുക് ചത്തിരിക്കുന്നു. അത് വരൻ കാണുന്നു. അവൻ പുഞ്ചിരിച്ചുകൊണ്ട് വധുവിനെ ഉമ്മ വെയ്ക്കുന്നു. ഇത് പരസ്യത്തിൽ നാം എല്ലാവരും കണ്ടതാണ്. വരന്റെ കവിളിലെ കൊതുകിനെ കൊല്ലാൻ വധു അടിക്കുമ്പോൾ വരനെ ദ്രോഹിക്കാനല്ല മറിച്ച് സഹായിക്കാനാണ് അവൾ ശ്രമിക്കുന്നത്. വരന് വേദനിച്ചെങ്കിലും കാര്യം

മനസ്സിലായപ്പോൾ ചിരിക്കുകയാണ് ചെയ്യുന്നത്. കാരണം വധുവിന്റെ മനസ്സിൽ തന്നെ ദ്രോഹിക്കുവാനുള്ള ചിന്ത ഇല്ല.

ഒരു ശത്രുവിനെ കൊല്ലാൻ മനസ്സിൽ കരുതിയെന്നിരിക്കട്ടെ പിന്നീട് അയാളോട് ക്ഷമിക്കുകയും പദ്ധതി ഉപേക്ഷിക്കുകയും ചെയ്തെന്ന് ഇരിക്കുക. അത് കുറ്റകൃത്യമല്ല, എന്നാൽ മനസ്സിൽ കരുതുകയും കൊല നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്താൽ അത് കുറ്റകരമാണ്. ഉദാ: ഒരു നിറ തോക്കെടുത്ത് അയാളുടെ നേരേ ചൂണ്ടിയാൽപ്പോലും അത് കുറ്റമാണ്.

തെറ്റായ മാനസിക നിലയും തെറ്റായ പ്രവർത്തിയുമാണ് കുറ്റകൃത്യം. കുറ്റകൃത്യത്തെ അമർച്ച ചെയ്യേണ്ടത് മനസ്സിൽ കുറ്റം ഇരിക്കുമ്പോൾത്തന്നെ ആണ്. ഇതിന് നാം കുറച്ചു ത്യാഗം സഹിച്ചേ മതിയാകൂ. നാം നമ്മോടുതന്നെ യുദ്ധം ചെയ്യണമെന്ന് സാരം. അപ്പോൾ നമുക്ക് മറ്റുള്ളവരുമായി യുദ്ധം ചെയ്യേണ്ടിവരികയില്ല. കുറ്റകൃത്യത്തെ ഒരു പരിധിവരെ തടയാം.

ഇക്കാര്യം കുഞ്ഞുമനസ്സുകളെ ബോധ്യപ്പെടുത്താൻ ചെയ്യുന്ന പരിശ്രമവും നമ്മോടുതന്നെയുള്ള യുദ്ധമായി കണക്കാക്കാം. സനാതനധർമ്മ വിദ്യാശാലയുടെയും ശ്രീ. എ. ശിവസുബ്രഹ്മണ്യന്റേയും ഈ തലത്തിലുള്ള ശ്രമം ശ്ലാഘനീയമാണ്. കുറ്റകൃത്യങ്ങളെ തടയുന്നതിനെപ്പറ്റിയുള്ള കാര്യങ്ങൾ ബോധ്യപ്പെടുത്തുന്നതിനാണ് ഈ ചുവടുവയ്പ്. അദ്ദേഹത്തിന്റെ 'കുറ്റകൃത്യങ്ങളും അവയുടെ സങ്കീർണ്ണതകളും' എന്ന ഈ ലഘു പുസ്തകം ഇതിന് സഹായകര മാകുമെന്ന് തീർത്തും പറയാം. എന്റെ അഭിനന്ദനങ്ങൾ.



**ഹാരി സേവ്യർ** IPS Retd.
ആലപ്പുഴ
01-01-2021

# ചില നിയമ വശങ്ങൾ

നമ്മുടെ ജീവിതത്തിൽ എല്ലാവരും പറയുന്ന കാര്യങ്ങളാണ് നല്ലതു ചിന്തിക്കുക നല്ലതു പ്രവർത്തിക്കുക, പിന്നെ അതിന്റെ ഗുണങ്ങൾ അനുഭവിക്കുക എന്നുള്ളത്. പ്രമുഖ ശാസ്ത്രജ്ഞൻ സർ ഐസക് ന്യൂട്ടൺ കണ്ടെത്തിയതു നോക്കാം, Every action has an equal and opposite reaction, അതായത് നമ്മൾ എന്തു പ്രവർത്തിച്ചാലും അതേ അളവിൽത്തന്നെ അതിന്റെ പ്രതിപ്രവർത്തനവും സംഭവിച്ചിരിക്കും. അതുപോലെ നമ്മൾ ചെയ്യുന്ന കർമ്മങ്ങളുടെ ഫലം നാം തന്നെ അനുഭവിക്കും. സൽകർമ്മങ്ങൾ ചെയ്താൽ സംതൃപ്തിയും, സമാധാനവും ഐശ്വര്യവും ഉയർച്ചയും ലഭിക്കുമ്പോൾ, ദുഷ്പ്രവൃത്തിയുടെ ഫലം നിരാശയും ദുഃഖവും തകർച്ചയുമായിരിക്കും. കർമ്മഫലം നമ്മെ ജീവിതാവസാനം വരെ പിന്തുടരും. അത് പ്രകൃതി നിയമമാണ്. അതുകൊണ്ട് നിയമങ്ങളെക്കുറിച്ച് പഠിക്കുകയും അവ ലംഘിച്ച് കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകളെപ്പറ്റി ചെറുപ്പത്തിൽത്തന്നെ മനസ്സിലാക്കുകയും ചെയ്താൽ മൂല്യബോധമുള്ള, മാതൃകാപരമായ ജീവിതം നയിക്കുന്ന ഒരു തലമുറയായി നമുക്ക് മാറാം.

കുറ്റകൃത്യങ്ങൾ സാധാരണയായി രണ്ടുതരമുണ്ട്. (1) സിവിൽ കുറ്റങ്ങളും (2) ക്രിമിനൽ കുറ്റങ്ങളും. എന്നാൽ ക്രിമിനൽ കുറ്റങ്ങളാണ് കൂടുതലായും മനുഷ്യരെ പരിഭ്രാന്തരാക്കുന്നതും പേടിപ്പിക്കുന്നതും. കുറ്റവാസനയില്ലാത്ത മൃഗീയമായ പെരുമാറ്റം എല്ലാ മനുഷ്യരിലും ചെറിയ അളവിൽ അടങ്ങിയിരിപ്പുണ്ട്. പെട്ടെന്ന് ദേഷ്യം വരിക, മറ്റുള്ളവരെ ഉപദ്രവിക്കുക, വാക്കുകൾ കൊണ്ട് വേദനിപ്പിക്കുക, കൂടുതലായി ശകാരിക്കുക മുതലായവ നമ്മുടെ നിത്യജീവിതത്തിൽ നാം കുടുംബാംഗങ്ങളോടും കൂടുതൽ സ്വാതന്ത്ര്യമുള്ളവരോടും സഹപ്രവർത്തകരോടും ചെയ്യാറുണ്ട്. എന്നാൽ സംസ്കാരമുള്ളവർ

അത് ഒരു പരിധിക്കപ്പുറം കൊണ്ടുപോകുകയില്ല. കാരണം മറ്റുള്ളവരെ നിന്ദിക്കുന്നതും ശാരീരികമായി ഉപദ്രവിക്കുന്നതും ധാർമ്മികമായും നിയമപരമായും ശരിയായ കാര്യമല്ല എന്ന് എല്ലാവർക്കും അറിയാം. എന്നാൽ സമൂഹത്തിലെ ചിലർ ഇതിൽനിന്ന് വിഭിന്നമായി സ്വന്തം മനഃസാക്ഷിക്ക് വിരുദ്ധമായി മോഷണം നടത്തുക, മറ്റുള്ളവരെ മാനസികമായി പീഡിപ്പിക്കുക, ശാരീരികമായി ഉപദ്രവിക്കുക തുടങ്ങിയ കുറ്റകൃത്യങ്ങൾ ചെയ്യുന്നു. ഇത് ക്രിമിനൽ കുറ്റങ്ങളാണ്. അത് എത്ര വലിയ അളവിൽ ചെയ്യുന്നുവോ അത്രയും വലുതായിരിക്കും കുറ്റത്തിന്റെ വ്യാപ്തിയും അതിന്റെ ശിക്ഷയും ലഭിക്കുന്നത്. എന്നാൽ ചെറിയ കുറ്റങ്ങളിൽ തുടങ്ങി വലിയവയിൽ എത്തുന്നവരിൽ ചിലർ അതിൽ നിന്ന് മാറാനാകാതെ പിന്നെയും അതിൽ തുടരുന്നു. അവർ കാരണം അവരുടെ മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും ഭാര്യക്കും കുട്ടികൾക്കും മനോവിഷമവും സാമൂഹികമായ ഒറ്റപ്പെടലുകളും നാണക്കേടും ഉണ്ടാകുന്നു. ഐക്യരാഷ്ട്രസഭ പറഞ്ഞതുപോലെ ഓരോ യുദ്ധങ്ങളും മറ്റ് അക്രമസംഭവങ്ങളും നടക്കുമ്പോൾ അതിന്റെ തിക്തഫലങ്ങൾ ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് പ്രായം ചെന്നവരും സ്ത്രീകളും കുട്ടികളുമാണ് എന്നുള്ളത് ഒരു യാഥാർത്ഥ്യം തന്നെയാണ്. ചിലപ്പോൾ വലിയ മാനസിക സംഘർഷങ്ങളിലെത്തി ആത്മഹത്യ വരെ ഇവരുടെ കുടുംബങ്ങളിൽ ഉണ്ടാകുന്നത് നാം കാണാറുണ്ട്.

എന്നാൽ വിവിധ കുറ്റങ്ങൾക്ക്, അവയുടെ തെളിവു ശേഖരിക്കാൻ പോലീസ് മുറയിലുള്ള ചോദ്യം ചെയ്യൽ, റിമാൻഡ് ചെയ്യൽ, കുറ്റപത്രം സമർപ്പിക്കൽ പിന്നെ വിലങ്ങുവച്ചു കൊണ്ട് നഗരമദ്ധ്യത്തിലൂടെ നടത്തുക, കോടതികയറിയിറക്കം മുതലായ സന്ദർഭങ്ങളിൽ അത് അനുഭവിക്കുന്നവരുടെയും അവരുടെ കുടുംബാംഗങ്ങളുടേയും മനോനില നമുക്ക് പുറത്തുനിന്നു കാണാൻ കഴിയും. ബഹുഭൂരിപക്ഷം ആളുകളും ആദ്യമായി ഒരാവേശത്തിൽ മാത്രമാണ് കുറ്റകൃത്യങ്ങൾ ചെയ്യുന്നത്. ചെറുപ്രായത്തിൽ തന്നെ

ഇവയുടെ നിയമപ്രശ്നങ്ങളെക്കുറിച്ചും ശിക്ഷാനടപടികളെക്കുറിച്ചും മനസ്സിലാക്കുവാൻ കഴിഞ്ഞാൽ അവ ഭാവി ജീവിതത്തിൽ സൃഷ്ടിക്കാവുന്ന ആപത്തുകളെ തരണം ചെയ്യുവാനാകും. നാട്ടിലും




വിദേശത്തും, പൊതുമേഖലാസ്ഥാപനങ്ങളിലും ജോലി നൽകുമ്പോൾ ഉദ്യോഗാർത്ഥികളുടെ യോഗ്യതാ നിർണ്ണയത്തിൽ ഒരു മാനദണ്ഡം ക്രിമിനൽ പശ്ചാത്തലമില്ല എന്ന പോലീസ് വേരിഫിക്കേഷൻ സർട്ടിഫിക്കറ്റാണ്. അതുകൊണ്ട് ക്രിമിനൽ പശ്ചാത്തലങ്ങളിൽ ഉൾപ്പെടാതെ മൂല്യബോധമുള്ളവരായി നല്ല ജീവിതം നയിക്കുവാൻ ശ്രമിക്കുക.

ചില കുറ്റകൃത്യങ്ങളും അവയ്ക്കുള്ള ശിക്ഷയും ഇന്ത്യൻ ശിക്ഷാനിയമപ്രകാരം ഏതൊക്കെ എന്ന് പരിശോധിക്കാം.

# വിവിധ കുറ്റകൃത്യങ്ങളുടെ നിയമ നടപടിക്രമങ്ങൾ

മൊഴികളിലൂടെയും, പരാതികളിലൂടെയും നേരിട്ടെടുക്കാവുന്ന കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ തന്നെ പോലീസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നു. പിന്നീട് വ്യക്തിയെ അറസ്റ്റ് ചെയ്യുകയും തെളിവെടുപ്പിനായി കുറ്റാന്വേഷണത്തിൽ വിദഗ്ദ്ധ പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥർ കുറ്റാരോപിതരെ ചോദ്യം ചെയ്യുകയും കുറ്റം ചെയ്ത സ്ഥലങ്ങളിൽ കൊണ്ടുപോവുകയും തുടർന്ന് തെളിവെടുപ്പ് നടത്തുകയും പിന്നീട് കുറ്റപത്രം സമർപ്പിക്കുകയും ചെയ്യുന്നു. കുറ്റാരോപിതരെ കോടതിയിൽ ഹാജരാക്കുകയും അവരെ റിമാൻഡ് ചെയ്യുകയും ചെയ്യുന്നു. ഇത് കോടതിയിൽ വിചാരണചെയ്യപ്പെടുന്നു. കുറ്റം തെളിഞ്ഞാൽ കോടതി ശിക്ഷ വിധിക്കുന്നു. അവസാനമായി പോലീസ് കുറ്റവാളികളെ ശിക്ഷ നടപ്പിലാക്കുന്നതിനായി ജയിലിലേയ്ക്ക് കൊണ്ടുപോകുന്നു.



# IPC ഇൻഡ്യൻ ശിക്ഷാ നിയമം

| | നിയമം | കുറ്റകൃത്യങ്ങൾ | ശിക്ഷയും കാലാവധിയും |
|---|---|---|---|
| 1) | IPC 363 | ആൾമോഷണം (Kidnapping) | 7 വർഷം വരെ തടവും പിഴയും |
| 2) | IPC 121 | ഇന്ത്യാ ഗവൺമെന്റിനെതിരെ സായുധ യുദ്ധം | വധശിക്ഷയോ ജീവപര്യന്തം തടവോ |
| 3) | IPC 326 | ഗുരുതരമായ ഉപദ്രവം നടത്തി പരിക്ക് ഏല്പിക്കുക | 10 വർഷം വരെ തടവും പിഴയും |
| 4) | IPC 379 | മോഷണം | 10 വർഷം വരെ തടവും പിഴയും |
| 5) | IPC 392 | കവർച്ച | ജീവപര്യന്തം/10 വർഷം വരെ തടവും പിഴയും |
| 6) | IPC 354 | സ്ത്രീകളെ ഉപദ്രവിക്കൽ | 2 വർഷം വരെ തടവും പിഴയും |
| 7) | Pocso Case | കുട്ടികൾക്കുനേരെയുള്ള ലൈംഗിക അതിക്രമം | കേരള/കേന്ദ്ര നിയമപ്രകാരമുള്ള ശിക്ഷകൾ |
| 8) | IPC 376 | ബലാൽസംഗം | 7 വർഷം വരെ തടവും പിഴയും |
| 9) | IPC DV Act 2005 | ഗാർഹികപീഡനം Domestic Violence | 3 വർഷം വരെ തടവും പിഴയും |
| 10) | IPC 304 B | സ്ത്രീധന മരണം Dowry Death | 7 വർഷം മുതൽ ജീവപര്യന്തം വരെ തടവും പിഴയും |
| 11) | IPC 498 A | ഭർതൃപീഡനം | 3 വർഷം വരെ തടവും പിഴയും |
| 12) | IPC 447 | കുറ്റകരമായ അതിക്രമം | 3 മാസം വരെ തടവും പിഴയും |
| 13) | IPC 452 | ഭവനഭേദനം | 7 വർഷം വരെ തടവും പിഴയും |
| 14) | IPC 306 | ആത്മഹത്യാ പ്രേരണ | 10 വർഷം വരെ തടവും പിഴയും |
| 15) | IPC 304 | കുറ്റകരമായ നരഹത്യ Causing death by negligence | 2 വർഷം വരെ തടവും പിഴയും |
| 16) | IPC 308 | കൊലപാതകശ്രമം | 3 വർഷം വരെ തടവും പിഴയും |
| 17) | IPC 302 | കൊലപാതകം | മരണശിക്ഷ / ജീവപര്യന്തവും പിഴയും |
| 18) | IPC 279 | അലക്ഷ്യമായി വാഹനം ഓടിക്കുന്നത് (Negligence) | 6 മാസം വരെ തടവും പിഴയും |

| നിയമം | കുറ്റകൃത്യങ്ങൾ | ശിക്ഷയും കാലാവധിയും |
|---|---|---|
| 1) അഴിമതി നിരോധന നിയമം 1988 Sec. 7 | ഒരു പൊതുജനസേവകൻ തനിക്ക് നിയമപരമായി ലഭിക്കുന്ന വേതനവും മറ്റ് ആനുകൂല്യങ്ങൾക്കും ഉപരി ഒരു വ്യക്തിയിൽ നിന്നോ, സ്ഥാപനങ്ങളിൽ നിന്നോ, അവർക്കോ അവരുടെ ആളുകൾക്കോ അന്യായമായ ലാഭം ഉണ്ടാക്കുന്നതിന് പണമായോ മറ്റു വസ്തുക്കളായോ, സേവനമായോ എന്തെങ്കിലും ആവശ്യപ്പെടുകയോ കൈപ്പറ്റുകയോ ചെയ്യുന്നതിനെ അഴിമതി എന്ന് പറയാം. | 6 മാസം മുതൽ 5 വർഷം വരെ തടവും പിഴയും, ശിക്ഷിക്കപ്പെട്ടാൽ അനധികൃതമായി സമ്പാദിച്ച സ്വത്ത് കണ്ടുകെട്ടാം. സർക്കാർ ഉദ്യോഗസ്ഥരാണെങ്കിൽ ജോലി നഷ്ടപ്പെടാം. ആനുകൂല്യങ്ങൾ തടയാം.<br>ജനപ്രതിനിധികളാണെങ്കിൽ തെരഞ്ഞെടുപ്പ് റദ്ദാക്കൽ, നിശ്ചിതകാലത്തേയ്ക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് വിലക്കോ, കൂടുതൽ ഗൗരവമുള്ള കുറ്റങ്ങൾക്ക് അവയുടെ വ്യാപ്തിയനുസരിച്ചുള്ള ശിക്ഷ. |
| Remarks : ഡി. വൈ. എസ്. പി. റാങ്കിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥർ അന്വേഷിക്കണം. മന്ത്രിമാരോ, എം. എൽ. എ. മാരോ അഴിമതി കാട്ടിയാൽ ഗവർണ്ണറുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടിമാത്രമേ അന്വേഷിക്കാവൂ. | | |
| 2) കള്ളക്കടത്ത് Customs Act 1962 Sec. 111-113 etc. | നിരോധിത വസ്തുക്കളോ, ഡ്യൂട്ടി അടക്കേണ്ട വസ്തുക്കൾക്ക് ഡ്യൂട്ടി കൊടുക്കാതെയോ, കസ്റ്റംസ് ഓഫീസ് ഇല്ലാത്ത പോർട്ട് വഴിയോ, അനുവാദം കൊടുക്കാത്ത വഴിയിലൂടെയോ അന്യദേശത്തുനിന്നും നമ്മുടെ രാജ്യത്തിലേയ്ക്ക് സാധനങ്ങൾ കൊണ്ടുവരുന്നതിനെ കള്ളക്കടത്ത് എന്നു പറയാം. ഡിക്ലയർ ചെയ്ത വസ്തുവിന് പകരം വേറെ വസ്തുക്കൾ കൊണ്ടുവന്നാലും കള്ളക്കടത്ത് തന്നെ. | കള്ളക്കടത്ത് വസ്തു കണ്ടുകെട്ടാം, പിഴയും തടവും കുറ്റങ്ങളുടെ കാഠിന്യമനുസരിച്ച്. |
| 3) ഹവാല Foreign Exchange Management Act 1999 Sect. 3 | അധികൃത കേന്ദ്രങ്ങളിൽക്കൂടെയല്ലാതെ വിദേശത്തുനിന്നും പണം നീക്കാതെ തന്നെ നമ്മുടെ നാട്ടിൽ എത്തിക്കുന്ന രീതിയെ ഹവാല എന്നു പറയാം. ഉദാ: വിദേശത്ത് കള്ളത്തരത്തിൽ സമ്പാദിച്ച വൻതുക ഒരുവൻ ഹവാലക്കാരനെ ഏൽപ്പിക്കുകയും തന്റെ ബന്ധുവിന് ഇന്ത്യയിലെത്തിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തുവെന്നിരിക്കട്ടെ. ആ തുക അവിടെ നിന്നും അയയ്ക്കാതെ തന്നെ ഹവാലക്കാരന്റെ ഇന്ത്യയിലെ ഏജന്റ് പണം ബന്ധുവിനെ ഏൽപ്പിക്കുന്നു. ഇതിന് ചില കോഡ് ഭാഷകളും മറ്റുമുണ്ട്. | കുറ്റത്തിന്റെ കാഠിന്യമനുസരിച്ചുള്ള ശിക്ഷ |

| നിയമം | കുറ്റകൃത്യങ്ങൾ | ശിക്ഷയും കാലാവധിയും |
|---|---|---|
| 4) മയക്കു മരുന്നു കേസുകൾ Narcotic drugs and Phychotropic substance Act 1985 Sec. 15-40 | Opium, Morphine, Heroin, Codeme, Thaloine, Cocaine, Hashish, Ganja മുതലായവ ഉൽപ്പാദിപ്പിക്കുകയും, ശേഖരിച്ചു വയ്ക്കുകയും, ഒരു സ്ഥലത്തുനിന്നും വേറൊരിടത്തേയ്ക്ക് കൊണ്ടുപോവുകയും വിൽക്കുകയും, വാങ്ങുകയും, ഉപയോഗിക്കുകയും ഈ പ്രവർത്തികൾക്ക് ധനസഹായം ചെയ്യുകയും, സഹായിക്കുകയും ചെയ്യുന്നത് കുറ്റകരമാണ്. | കഠിന തടവും വധശിക്ഷയും വരെ ലഭിക്കാവുന്ന കുറ്റങ്ങൾ |
| 5) Cyber കുറ്റങ്ങൾ. Information Technology Cyber Crimes Act - 2000 II & A Phishing, Hacking, Cyber theft എന്നീ വേറെയും കുറ്റങ്ങൾ Sec. 65-67 | വിനിമയ മാധ്യമങ്ങളിലൂടെ അപകീർത്തിപ്പെടുത്തൽ<br>**ഫിഷിംഗ്**<br>കള്ള ഇ– മെയിൽ, സന്ദേശങ്ങളിലൂടെ ഇന്റർനെറ്റ് ഉപയോഗിക്കുന്നവരുടെ വ്യക്തിഗത വിവരങ്ങൾ ശേഖരിക്കുക, ഹാക്കിംഗ്, കമ്പ്യൂട്ടർ നെറ്റ്‌വർക്ക് ദുരുപയോഗം ചെയ്യുകയോ, നിർവീര്യമാക്കുകയോ, അപകീർത്തിപ്പെടുത്തൽ, ലൈംഗികചുവയുള്ളവ പ്രചരിപ്പിക്കുക | 3 വർഷം തടവും 2 ലക്ഷം രൂപാവരെ പിഴയും<br>വിവിധ ശിക്ഷകൾ |
| 5) വാഹന നിയമ ലംഘനങ്ങൾ Motor Vehicle Act - 1988 | വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ടാക്സ് സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ്, പൊലൂഷൻ സർട്ടിഫിക്കറ്റ്, പൊതുഗതാഗത വാഹനങ്ങളുടെ പെർമിറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവയില്ലാതെ വാഹനം നിരത്തിലിറക്കുന്നത്, മദ്യപിച്ച് വാഹനം ഓടിക്കൽ, അമിതവേഗം, അനുവദിക്കുന്നതിലും കൂടുതൽ ആളുകളേയും സാധനങ്ങളും കയറ്റൽ, വാഹനം ഓടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കുക, സീറ്റ് ബൽറ്റ് ഇടാതിരിക്കുക, ഹെൽമെറ്റ് ധരിക്കാതിരിക്കുക, അശ്രദ്ധയായി വാഹനം ഓടിക്കുക എന്നിവ. | കുറ്റത്തിന്റെ കാഠിന്യമനുസരിച്ചുള്ള പിഴയും കൂടാതെ ലൈസൻസ് റദ്ദാക്കൽവരെയുള്ള മറ്റ് ശിക്ഷകളും |

**രോഗം വന്നിട്ടു ചികിത്സിച്ചു ഭേദമാക്കുന്നതിലും നല്ലത് രോഗം വരാതെ നോക്കുക എന്നതാണ്.** ക്രിമിനൽ കേസുകളിലോ മറ്റു കുറ്റകൃത്യങ്ങളിലോ യാദൃശ്ചികമായോ ഒരു ആവേശത്തിലോ കുടുങ്ങി പോലീസിന്റെ പിടിയിലായി മുകളിൽ പറഞ്ഞ നടപടി ക്രമങ്ങളിലൂടെ കടന്ന്, ബന്ധുജനങ്ങളുടേയും സമൂഹത്തിന്റെയും മുൻപിൽ കുറ്റവാളി എന്ന് മുദ്രകുത്തപ്പെടുകയും പിന്നീട് ജീവിതകാലം മുഴുവൻ അവയുടെ ദുരിതങ്ങൾ അനുഭവിക്കുകയും ചെയ്തിട്ട് പിന്നെ പശ്ചാത്തപിച്ചിട്ട് കാര്യമുണ്ടോ?



# ബാബുവിന്റെ പ്രശ്നം

വിനീതയുടെ വിവാഹം ഒരു സ്കൂൾ വാർഷികം പോലെ ആഘോഷപൂർവ്വമായിരുന്നു. അവൾ സ്കൂളിന് അഭിമാനമായ ഒരു സ്പോർട്ട്സ് താരവും റാങ്കുകാരിയും ആയിരുന്നു. ഗായികയായ സുനിത എന്ന അനിയത്തി അതേ സ്കൂളിലെ തന്നെ 10-ാം ക്ലാസ്സുകാരിയും ആണ്. ഇക്കാരണങ്ങളാൽ ക്ലാസിലെ എല്ലാവരും, അദ്ധ്യാപകരും മറ്റു ക്ലാസിലെ കുട്ടികളും കല്യാണത്തിന് ഒത്തു കൂടിയിരുന്നു. എല്ലാവരും കൂടിച്ചേർന്നപ്പോൾ കല്യാണപന്തൽ ഒരു ഉത്സവപ്പന്തലായി മാറി. എല്ലാവരും അന്യോന്യം പരിചയപ്പെട്ടും, സന്തോഷംപൂണ്ട് ചിരിച്ചും രസിച്ചും പന്തലിൽ ഓടിനടന്നു.

ഇതിനിടെ ക്ലാസ് ടീച്ചറിന് ക്ലാസ് ലീഡറും, നല്ല ബാസ്ക്കറ്റ് ബോൾ കളിക്കാരനും, പഠിക്കാൻ മിടുക്കനുമായ ബാബുവിനെ അവിടെങ്ങും കാണാത്തതിൽ വിഷമം തോന്നി. അവന്റെ വീട് വളരെ അടുത്തുതന്നെയാണ്. മാത്രമല്ല ബാബുവിന്റെ മൂത്ത സഹോദരി ഷീലയുടെ കൂടെ പഠിച്ചതുമാണ് ഇന്ന് വിവാഹം കഴിക്കുന്ന വിനീത. കല്യാണത്തിന് അവൻ എന്തുകൊണ്ടുവന്നില്ല എന്നും അവന് വല്ല അസുഖവും പിടിപെട്ടോ എന്നും സംശയിച്ചു. ഏതായാലും കല്യാണം കഴിഞ്ഞ് അവനെ പോയി കാണുകതന്നെ വേണം. മാത്രമല്ല അവന്റെ കൂട്ടുകാരും കൂടെ വരാമെന്നു പറഞ്ഞിട്ടുമുണ്ട്.

അടുത്ത ദിവസം സ്കൂളിൽ അവരെല്ലാവരും ഒത്തുകൂടി ബാബു കുറച്ചുനാളായി സ്കൂളിൽ വരാത്ത കാര്യം ചർച്ച ചെയ്തു. അവൻ ഈയിടെയായി അധികം ആരോടും സംസാരിക്കുന്നില്ല, അടുത്തിടപഴകുന്നുപോലുമില്ല. ഒരു ഡിപ്രഷൻ ബാധിച്ചതുപോലെ

അവർക്കു തോന്നി. അവർ രാജൻ സാറിനോട് ഇതു പറഞ്ഞു. സാറിന് ബാബുവിനെ നന്നായിട്ടറിയാം. അതുകൊണ്ട് ബാബുവിനെ പഴയതുപോലെ ആക്കിയെടുക്കുവാൻ സാർ ആഗ്രഹിച്ചു. പഴയ ബാബുവിനെക്കുറിച്ച് അദ്ദേഹം ഓർത്തു. എന്തു സ്മാർട്ടായിരുന്നു അവൻ. എല്ലാക്കാര്യങ്ങളിലും മുന്നിലായിരുന്നു. കളിയും ചിരിയും തമാശകളുമായിട്ടായിരുന്നു അവന്റെ ജീവിതം. പിന്നെ പഠനത്തിലും സ്പോർട്ട്സിലും പാട്ടിലുമൊക്കെ അവൻ മുൻപന്തിയിലായിരുന്നു. നല്ലൊരു ഭാവിയുള്ള കുട്ടിയായിട്ടാണ് എല്ലാവരും കരുതിയത്. ഇപ്പോൾ എന്തുപറ്റി? എല്ലാവർക്കും അത്ഭുതമായി.

രാജൻ സാർ അവരേയും ബിന്ദു ടീച്ചറെയും കൂട്ടി ബാബുവിന്റെ വീട്ടിലേയ്ക്കു പോയി. സാമാന്യം നല്ല വീടായിരുന്നു അവന്റേത്. വീട്ടിൽ ചെന്നപ്പോൾ ആകെയൊരു മ്ലാനത. ദുഃഖമയമായ അന്തരീക്ഷം. അവരെക്കണ്ട് ബാബു പെട്ടെന്ന് മുറിയിൽ കയറി കതകടച്ചു. അവന്റെ അമ്മ കണ്ണുനീരുമായി ഞങ്ങളെ കാണാൻ വന്നു. അകത്തു കയറി ഇരിക്കുവാനും പറഞ്ഞു. എന്നിട്ട് പൊട്ടിക്കരഞ്ഞു. രാജൻ സാറിനും ബിന്ദു ടീച്ചർക്കും ഞങ്ങൾക്കും ആകെ വിഷമമായി. ഞങ്ങൾ കാര്യം തിരക്കി. എന്തുപറ്റി ബാബുവിന്? എത്ര മിടുക്കനായിരുന്ന അവൻ. ഇപ്പോൾ എല്ലാം ഒരു നിശ്ചലാവസ്ഥയിൽ. ബാബുവിന്റെ അമ്മ കുറെക്കഴിഞ്ഞപ്പോൾ പതുക്കെ സംസാരിക്കുവാൻ തുടങ്ങി. രാജൻ സാർ അവരോട് ബാബുവിന്റെ പ്രശ്നം എന്താണെന്ന് പറയാൻ ആവശ്യപ്പെട്ടു. “എല്ലാ പ്രശ്നങ്ങൾക്കും ഒരു പരിഹാരമുണ്ടല്ലോ”. അപ്പോൾ ബാബുവിന്റെ അമ്മ തിരിച്ച് മറുപടി പറഞ്ഞു.


‘‘സാറേ, ഞങ്ങളുടെ പ്രശ്നം ഒരിക്കലും തീരുകയില്ല. ഞങ്ങളിവിടെ ഒറ്റപ്പെട്ടു. പണ്ട് ഈ വീട് ഒരു സ്വർഗ്ഗമായിരുന്നു. സമ്പത്തും സൗഭാഗ്യവും നിറഞ്ഞ വീട്. എപ്പോഴും കളിയും ചിരിയുമായിരുന്നു. എന്നാൽ ഇപ്പോൾ ബാബുവിന്റെ അച്ഛൻ ഒരു കേസ്സിൽ പെട്ട് തടവുശിക്ഷ അനുഭവിക്കുകയാണ്. അദ്ദേഹം ഒരു ദുർബ്ബലനിമിഷത്തിൽ ഒരു കുരുക്കിൽ പെട്ടുപോയി. ഇപ്പോൾ അദ്ദേഹം പശ്ചാത്തപിക്കുന്നു. പക്ഷേ അത് പ്രശ്നപരിഹാര മാകുന്നില്ല.

അദ്ദേഹത്തിന്റെ കാര്യം നിങ്ങൾക്കെല്ലാവർക്കും അറിയാവുന്ന താണല്ലോ. പട്ടണത്തിലെ ഒരു പ്രമുഖ വ്യാപാരിയായിരുന്നു അദ്ദേഹം. കുറച്ചു കുടിക്കുമായിരുന്നുവെങ്കിലും അദ്ദേഹം വളരെ നല്ല ഒരു മനുഷ്യനായിരുന്നു. ക്രമേണ മദ്യത്തിൽ അടിമപ്പെട്ട് ഒന്നിലും ശ്രദ്ധിക്കാതെയായി. പിന്നെ സമ്പത്തെല്ലാം നഷ്ടപ്പെടാൻ തുടങ്ങി, ഇപ്പോൾ ജയിലിലുമായി. അദ്ദേഹത്തെ പിടിച്ചുകൊണ്ടുപോയതിൽ പിന്നെ ബാബു മുറിയുടെ പുറത്തിറങ്ങാറില്ല. ഇപ്പോൾ അവന് ഒന്നിനോടും ഒരു താൽപര്യവുമില്ല. എത്രപറഞ്ഞാലും അവൻ ക്ലാസ്സിൽ പോകുന്നില്ല. കുടുംബത്തിനാകെ നാണക്കേടായെന്നാണ് അവൻ എപ്പോഴും പറയുന്നത്. ഞാൻ എന്തുചെയ്യാനാണ്? വഴക്കുപറഞ്ഞാൽ ഞാൻ പോയി തൂങ്ങിച്ചാകും എന്നൊക്കെ വിളിച്ചുകൂവും. പക്ഷെ പറഞ്ഞിട്ട് എന്തുകാര്യം? ഞങ്ങൾ സമൂഹത്തിൽ ഒറ്റപ്പെട്ടു. ഞങ്ങളെ ആരും ഒന്നിനും ക്ഷണിക്കാറില്ല.

ബാബുവിന്റെ മൂത്ത സഹോദരി ഷീലയുടെ കാര്യം അതിലും കഷ്ടമാണ്. അവൾ ദൂരെ ഹോസ്റ്റലിൽ നിന്ന് പഠിക്കുകയാണ്. ഈ പ്രശ്നം കാരണം വീട്ടിൽ വരികയേയില്ല. നാണക്കേടാണ് എന്നാണ് പറയുന്നത്. കൂട്ടുകാരുടെ മുഖത്ത് എങ്ങനെ നോക്കുമെന്ന് എന്നോട് ഫോണിൽക്കൂടി എപ്പോഴും പറയും. അവളുടെ കല്യാണം നടത്താൻ നല്ല ബന്ധങ്ങൾ ഞങ്ങൾക്കു കിട്ടുമോ? എനിക്ക് ആകെ ഒരു

പേടിയാണ്. അങ്ങനെയിരിക്കുമ്പോൾ ബാബുവിനെ കാണാൻ ഒരു സുഹൃത്ത് വീട്ടിൽ വന്നു. അങ്ങനെയെങ്കിലും അവൻ സംസാരിക്കാൻ തുടങ്ങട്ടെയെന്നും പഠിച്ച് പഴയതുപോലെ ആകട്ടെ എന്നും വിചാരിച്ച് ഞാൻ അതിനെ എതിർത്തില്ല.

ഈയിടെയായി സന്ധ്യയാകുമ്പോൾ ഈ സുഹൃത്ത് ഒരു ബൈക്കിൽ വന്ന് ബാബുവിന് ഒരു ചെറിയ പൊതി കൊടുത്ത് പൈസയും വാങ്ങി പോകും. അത് എന്താണെന്ന് ചോദിച്ചാൽ തട്ടിക്കയറും. മസിൽ വീർപ്പിക്കാനുള്ള മരുന്നാണെന്നാണ് പറയുന്നത്.



അവരെല്ലാവരും ബാബുവിന്റെ അമ്മ പറഞ്ഞ കാര്യങ്ങൾ ക്ഷമയോടെ കേട്ടു. ബിന്ദു ടീച്ചറും രാജൻ സാറും കൂടി ബാബുവിനോട് മുറിയിൽ നിന്നും പുറത്തേയ്ക്കു വരാൻ പറഞ്ഞു. അവരെ കണ്ടപ്പോൾ അവൻ പൊട്ടിക്കരഞ്ഞു. അവൻ മയക്കുമരുന്നിനടിമയാണെന്നും അതു മാറ്റാൻ കൗൺസിലിംഗ് പോലെയുള്ള ശാസ്ത്രീയ

മായ ചികിത്സ സ്കൂൾ വഴി വിദഗ്ദ്ധരെക്കൊണ്ട് നല്കാമെന്നും അതിന് സഹകരിക്കണമെന്നും അവനോട് പറഞ്ഞു. കാരണം ലഹരി പദാർത്ഥങ്ങൾക്ക് അടിമപ്പെട്ടവരാണ് കൂടുതലായും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നത് എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് അറിവിലൂടെയും വിദ്യാഭ്യാസത്തിലൂടെയും ജീവിതത്തിൽ മദ്യം, മയക്കുമരുന്ന് മുതലായ വിപത്തുകളിൽ നിന്ന് സ്വതന്ത്രരാകാൻ കഴിയുമെന്നും കാലം എല്ലാ പ്രശ്നങ്ങളെയും പരിഹരിക്കുമെന്നും വീണ്ടും പറഞ്ഞു മനസ്സിലാക്കി എല്ലാവരും ബാബുവിന്റെ വീട്ടിൽ നിന്നും ഇറങ്ങി.

വരുന്നവഴി എല്ലാ കുട്ടികളോടുമായി രാജൻസാറും ബിന്ദു ടീച്ചറും കൂടി ഒരു ഉപദേശം നൽകി. അത് ഇതായിരുന്നു...... വർഷങ്ങളായി നേടിയെടുത്ത കുടുംബത്തിന്റെ സൽപ്പേര് ഒരു നിമിഷം കൊണ്ട് കളയാതിരിക്കുക. ലഹരി പദാർത്ഥങ്ങൾ വ്യക്തികളെയും കുടുംബങ്ങളെയും എങ്ങനെ സാമൂഹ്യമായും സാമ്പത്തികമായും മാനസികമായും ഇല്ലാതാക്കുന്നു എന്നുള്ള യാഥാർത്ഥ്യം നിങ്ങൾ തിരിച്ചറിയുക. ജീവിതത്തിൽ മൂല്യബോധമുള്ളവരായി, കുറ്റകൃത്യങ്ങൾ ചെയ്യാത്ത ഒരു നല്ലതലമുറയായി വളരുക.

**വിദ്യാർത്ഥിസമൂഹത്തിന്റെ പൊതുനന്മയ്ക്കായി ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യവശങ്ങളെക്കുറിച്ചും ജീവിതശൈലീ രോഗങ്ങൾ ഭാവിയിൽ വരുന്നത് തടയുവാനുമായി സനാതന ധർമ്മ വിദ്യാശാല നടപ്പിലാക്കിയ "ആരോഗ്യം നല്ലശീലങ്ങളിലൂടെ" എന്ന സമഗ്ര ബോധവൽക്കരണ പദ്ധതി http://sdcollege.in/project-health-kscste.html എന്ന വെബ്സൈറ്റിൽ നിന്ന് സൗജന്യമായി ഡൗൺലോഡ് ചെയ്ത് എല്ലാവർക്കും പ്രയോജനപ്പെടുത്താവുന്നതാണ്.**

# മൊബൈൽ ഫോൺ, ഇന്റർനെറ്റ് മുതലായവയുടെ ദുരുപയോഗം

കുട്ടികളെ, നിങ്ങൾ ശ്രദ്ധിക്കേണ്ട മറ്റൊരു പ്രധാനപ്പെട്ട കാര്യം ഉണ്ട്. മനുഷ്യന്റെ കണ്ടുപിടുത്തങ്ങളിൽ ഏറ്റവും മഹത്തരമായ ഒന്നാണ് മൊബൈൽഫോൺ/ഇന്റർനെറ്റ്. ശ്രദ്ധയോടെ ഉപയോഗിച്ചാൽ ധാരാളം പ്രയോജനങ്ങൾ അവയ്ക്കുണ്ട്. എന്നാൽ ഇന്നത്തെ തലമുറ ഒട്ടും വ്യക്തത ഇല്ലാതെയാണ് ഇവയൊക്കെ കൈകാര്യം ചെയ്യുന്നത്. ധാരാളം ചതിക്കുഴികൾ സൈബർ ലോകത്തിൽ മറഞ്ഞിരിക്കുന്നു.



വളരെ സൂക്ഷിച്ചുവേണം ഓരോ പ്രവർത്തികളും ചെയ്യുവാൻ. ഫേസ്ബുക്ക്, വാട്സാപ്പ്, ഇൻസ്റ്റാഗ്രാം എന്നിവയൊക്കെ നമുക്ക് പ്രയോജനം ഉള്ളവയാണ്. അവയിൽ ആവശ്യം, അത്യാവശ്യം, അനാവശ്യം ഏതൊക്കെയാണെന്ന് നിങ്ങൾക്ക് സന്ദർഭത്തിന് അനുസരിച്ച് സ്വയം തീരുമാനിക്കാം. എന്നാൽ കൂടുതൽപേരും അതിനെയൊക്കെ ഉപയോഗിക്കുന്നത് വെറുതെ സമയം കളയുവാനും

യാതൊരു ഗുണവുമില്ലാത്ത കാര്യങ്ങൾക്കാണ്. അദ്ധ്യയനവർഷം അക്കാദമിക് പ്രവർത്തികളാൽ ആഴ്ചകളും മാസങ്ങളുമായി സമയം വളരെ പെട്ടെന്ന് കടന്നുപോകുന്നു. അതുകൊണ്ട് നിങ്ങളുടെ വിലപ്പെട്ട പഠനസമയം സ്വന്തം ഭാവിയെക്കരുതി ക്രിയാത്മകമായി പ്രയോജനപ്പെടുത്തുക.

എനിക്കറിയാവുന്ന ഒരു കുടുംബത്തിലെ പയ്യന് 19 വയസ്സ് ആയതേയുള്ളൂ. വിലകൂടിയ ബൈക്ക്, മൊബൈൽഫോൺ, ലാപ്ടോപ് ഇതൊക്കെ വേണം എന്ന് ആവശ്യപ്പെട്ടപ്പോൾ വീട്ടുകാർക്ക് അത് സാധിച്ചില്ല. അവന്റെ ചില ചീത്ത കൂട്ടുകെട്ടുകൾ അവനെ ഒരു കൊട്ടേഷൻ ടീമിന്റെ കെണിയിലാക്കി. അവൻ മാലപൊട്ടിക്കൽ കേസിൽ പ്രതിയാണ് ഇന്ന്. ആ വീട്ടുകാർ തോരാത്ത കണ്ണുനീരിലും.

അതിനാൽ ദയവായി പണത്തിനായി ചിന്തകളെ വഴിതിരിച്ച് വിടാതിരിക്കുക. സ്വഭാവം, വ്യക്തിത്വം, നന്മ ഇതൊക്കെയാണ് അമൂല്യമായത്. നല്ല വിദ്യാഭ്യാസം നേടി ഉയർന്ന ജോലി നേടുമ്പോൾ പണം സ്വാഭാവികമായും നിങ്ങൾക്ക് സമ്പാദിക്കാം.

2000 ൽ നിർമ്മിക്കപ്പെട്ട വിവരസാങ്കേതികവിദ്യാ നിയമവുമായി ചേർന്നു നിൽക്കുന്നു ഇന്ത്യയിലെ സൈബർ നിയമങ്ങൾ. ഓൺലൈനിൽ സാമൂഹികമാധ്യമങ്ങളുടെ ഭാഗമായവർ, അത് ഉപയോഗിക്കുന്നവർ തീർച്ചയായും അതിന്റെ അടിസ്ഥാനപരമായ നിയമങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. നിരുത്തരവാദപരമായോ പ്രകോപനപരമായോ പോസ്റ്റുകൾ ഇടുമ്പോൾ അതിന്റെ അന്തരഫലം എന്തെന്ന് ബോധം ഉണ്ടായിരിക്കണം.

അതുകൊണ്ട് മൊബൈൽഫോൺ, ഇന്റർനെറ്റ് മുതലാവയിലൂടെ സൈബർ സ്പേസിലെ ദുരുപയോഗം കുറ്റകൃത്യങ്ങളാണെന്നും അവ കടുത്ത ശിക്ഷയ്ക്ക് വിധേയമായേക്കാം എന്ന വർത്തമാനകാല യാഥാർത്ഥ്യം മനസ്സിലാക്കി നിങ്ങൾ എല്ലാവരും ഓരോ ചുവടും ശ്രദ്ധ യോടെ വെയ്ക്കുക. മാതാപിതാക്കളുമായി മനസ് പങ്കുവെയ്ക്കുക.


# ജയിലറകളിലെ ജീവിതം

## കുറ്റകൃത്യങ്ങളിലേക്കുള്ള വഴികൾ

മുൻ തലമുറകളെ അപേക്ഷിച്ച് ഇന്നത്തെ യുവതലമുറ സാമൂഹികമായി ഒരുപാട് വെല്ലുവിളികളെ നേരിട്ടുകൊണ്ടാണ് ഇരിക്കുന്നത്. കെട്ടുറപ്പില്ലാത്ത കുടുംബബന്ധങ്ങളും ആത്മാർത്ഥത യില്ലാത്ത വ്യക്തിബന്ധങ്ങളും തികച്ചും സ്വാർത്ഥപരമായ സൗഹൃദ ബന്ധങ്ങളുമെല്ലാം ഇവർ അനുഭവിക്കുന്ന അരക്ഷിതാവസ്ഥയ്ക്ക് ആഴം കൂട്ടുന്നു. ഇതിൽനിന്നെല്ലാമുള്ള ഒരു രക്ഷാമാർഗ്ഗം പലപ്പോഴും മൊബൈൽഫോണുകളാണ്. ഒരുപാട് ഗുണങ്ങളുണ്ടെങ്കിലും ഒട്ടനവധി കാണാക്കുരുക്കുകളുടെ ഒരു വിളനിലമാണ് മൊബൈൽ ഫോൺ. സ്വയം ഉൾവലിഞ്ഞ് ഉറ്റവരിൽനിന്ന് ഒഴിഞ്ഞുനിൽക്കാനും സമയം കളയാനും മൊബൈൽഫോണുകൾ സഹായിക്കുമെങ്കിലും കൂടുതൽ അപകടകരങ്ങളായ 'ഡാർക് നെറ്റുകൾ' പോലുള്ള ചിലതിലേക്കും പണം ചെലവഴിക്കേണ്ടിവരുന്ന ഗെയിമുകളിലേയ്ക്കും കുട്ടികളെ കൊണ്ടുചെന്നെത്തിക്കുന്നു. അതോടൊപ്പം ഇന്ന് ചെറുപ്പക്കാരിൽ വ്യാപകമായിട്ടുള്ള മദ്യത്തിന്റെയും മയക്കു മരുന്നിന്റെയും ഉപയോഗവും കണക്കിലെടുക്കേണ്ടതാണ്.

ചുരുക്കിപ്പറഞ്ഞാൽ വായനശാലകളിലും ഫുട്ബോൾ മൈതാനി കളിലും യാതൊരു പണച്ചിലവും കൂടാതെ ആരോഗ്യകരമായ രീതികളിൽ സമയം ചെലവഴിച്ചിരുന്ന മുൻ തലമുറകളെ അപേക്ഷിച്ച് അധിക പണച്ചിലവുള്ള ഒരുപാട് കാര്യങ്ങളിലാണ് ഇന്നത്തെ തലമുറ സമയം വിനിയോഗിക്കുന്നത്. തൽഫലമായി മാതാപിതാക്കളിൽ നിന്നും ലഭിക്കുന്ന സാധാരണ 'പോക്കറ്റ്മണി' ഒന്നിനും തികയാതെവരുന്നു. അതുകൊണ്ട് ആഡംബരത്തിനും ധൂർത്തിനു

മുള്ള പണം വീട്ടിൽ നിന്നും ലഭിക്കാതെ വരുമ്പോൾ നിരുപദ്രവ കരമായ ഗാർഹിക മോഷണങ്ങളിൽ തുടങ്ങി മയക്കുമരുന്നു വ്യാപാരം ഉൾപ്പെടെ വലിയ കുറ്റകൃത്യങ്ങളുടെ ലോകത്തിലേക്ക് അറിയാതെതന്നെ ഇന്നത്തെ യുവതലമുറ എത്തിച്ചേരുന്നു.



വർഷംതോറും വർദ്ധിച്ചുവരുന്ന നമ്മുടെ ജയിലുകളിലെ ജനസംഖ്യ ഇതിനു തെളിവാണ്. ഒരാവേശത്തിൽ ചെയ്തുപോകുന്ന പല കുറ്റകൃത്യങ്ങൾക്കും കിട്ടുന്ന ജയിൽവാസം ഇവരെ പലപ്പോഴും കറതീർന്ന കുറ്റവാളികളുമായി സമ്പർക്കത്തിലേർപ്പെടാൻ സഹായിക്കുന്നു. 'കാരാഗ്രഹങ്ങൾ കുറ്റകൃത്യങ്ങളുടെ സർവ കലാശാലകളാണ്' എന്ന് സാമൂഹ്യചിന്തകർ അഭിപ്രായപ്പെടുന്നത് അതുകൊണ്ടാണ്. ഒരിക്കൽ സഞ്ചരിച്ചുതുടങ്ങിയാൽ ഒരു തിരിച്ചുവരവ് അസാദ്ധ്യമായ ഒന്നാണ് കുറ്റകൃത്യങ്ങളുടെ വഴി. ഏതാണ്ട് ഒരു വൺവേട്രാഫിക്കാണിത്.

നമ്മുടെ സമൂഹത്തിൽ കണ്ടുവരുന്ന ഒരു കാര്യം ഒരിക്കൽ കുറ്റവാളി എന്ന് മുദ്രകുത്തപ്പെട്ടാൽ ആ വ്യക്തിക്ക് ജീവിതകാലം മുഴുവൻ കുറ്റവാളി എന്ന ലേബലിൽ ജീവിക്കേണ്ടിവരുന്നു എന്നതാണ്. മാത്രമല്ല ഒരു വ്യക്തി ചെയ്യുന്ന തെറ്റിന് ഒരു കുടുംബം മുഴുവൻ ശിക്ഷിക്കപ്പെടുന്നു. അതുകൊണ്ട് കുറ്റകൃത്യങ്ങളെക്കുറിച്ചും അത് കൊണ്ടുചെന്നെത്തിക്കുന്ന കാരാഗ്രഹത്തെക്കുറിച്ചുമെല്ലാം നമ്മുടെ യുവജനങ്ങളെ ബോധവൽക്കരിക്കേണ്ടത് ഇന്നത്തെ സാമൂഹ്യക്രമത്തിൽ അത്യന്താപേക്ഷിതമാണ്. ചെറുപ്പക്കാരുടെ പങ്കാളിത്തം കൂടി വരുന്ന ഒന്നാണ് ഇന്നത്തെ സൈബർ കുറ്റകൃത്യങ്ങൾ. 'വെർച്ച്വൽ ലോകം' നൽകുന്ന പൊള്ളയായ സുരക്ഷിതത്വം പൊതുവേ ഭീരുക്കളായവരെക്കൊണ്ട് സൈബർ ക്രൈമുകൾ ചെയ്യിക്കുന്നതായി കാണാം. ഇവരും എളുപ്പത്തിൽ പിടിക്കപ്പെടുന്നു. എല്ലാത്തരം കുറ്റകൃത്യങ്ങളെക്കുറിച്ചും അവയ്ക്ക് നമ്മുടെ നിയമസംഹിതകൾ അനുശാസിക്കുന്ന ശിക്ഷകളെക്കുറിച്ചും ഉള്ള ഒരവബോധം തീർച്ചയായും സ്കൂൾതലത്തിൽത്തന്നെ വിദ്യാർത്ഥികൾ മനസ്സിലാക്കിയിരിക്കേണ്ടതാണ്.

**സമൂഹത്തിൽ നിന്നുമുള്ള ഒറ്റപ്പെടൽമൂലമുണ്ടാകുന്ന മാനസിക സമ്മർദ്ദം**

കോവിഡ് 19 നമുക്ക് ഒരുപാട് പുതിയ കാര്യങ്ങൾ പഠിപ്പിച്ചു. സമൂഹത്തിൽ നിന്നുമകന്ന് സാമൂഹ്യബന്ധങ്ങൾ ഒഴിവാക്കി സ്വന്തം വീട്ടിനകത്ത് ദിവസങ്ങളോളം ജീവിക്കേണ്ടിവന്നപ്പോൾത്തന്നെ അസഹനീയമായ ഒരുതരം ശ്വാസംമുട്ടൽ അനുഭവിച്ചവരാണ് നമ്മൾ എല്ലാവരും. പക്ഷേ അപ്പോഴും നമ്മുടെ അടുത്ത

കുടുംബാംഗങ്ങളെല്ലാം കൂടെ ഉണ്ടായിരുന്നു. കൂടെയില്ലാത്ത മറ്റംഗങ്ങളോടും സുഹൃത്തുക്കളോടുമെല്ലാം നമുക്ക് ഫോണിലെങ്കിലും ബന്ധപ്പെടാനും കഴിഞ്ഞിരുന്നു. എന്നിട്ടും കടുത്ത ഒറ്റപ്പെടൽ നമ്മൾ അനുഭവിച്ചെങ്കിൽ ഒരു ജയിലിനകത്ത് സമൂഹത്തിൽ നിന്നും മുഴുവനായും അകറ്റപ്പെട്ടുകഴിയേണ്ടിവരുന്ന ഒരു വ്യക്തിയുടെ മാനസികാവസ്ഥ നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. ഇതിന്റെ ഫലമായി പലരും കടുത്ത നിരാശയിലും ഡിപ്രഷനിലും അകപ്പെടുന്നു. കോവിഡ് 19 കാലത്ത് മാർച്ച് 2020 മുതൽ ഒക്ടോബർ 2020 വരെ കേരളത്തിൽ 10 വയസ്സിനും 18 വയസ്സിനും ഇടയിൽ പ്രായമുള്ള നിരവധി കുട്ടികളാണ് ആത്മഹത്യ ചെയ്തത്. സൗഹൃദത്തിന്റെയും സുഹൃത്തുക്കളുടെയും പ്രാധാന്യം ഇതിൽനിന്നുതന്നെ വ്യക്തമാണല്ലോ.

**സാമൂഹ്യമായ ഒറ്റപ്പെടൽ**

ഒരാൾ കുറ്റവാളിയെന്ന് മുദ്രകുത്തപ്പെട്ട് ജയിലിനകത്താവുമ്പോൾ ആ ഒരു വ്യക്തി മാത്രമല്ല, അയാളുടെ കുടുംബം മുഴുവൻ സമൂഹത്തിന്റെ കാഴ്ച്ചപ്പാടിൽ തെറ്റുകാരാകുന്നു. അവരെല്ലാവരുംതന്നെ ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിലുള്ള ഒറ്റപ്പെടലിന് വിധേയരാകുന്നു. പല കുടുംബങ്ങളും ഇതുമൂലം സ്വന്തം നാടുവിട്ട് തികച്ചും അപരിചിതമായ മറ്റൊരു നാട്ടിലേക്ക് ഓടിപ്പോകുവാൻ നിർബന്ധിതരാകുന്നു. ഈ തൊട്ടുകൂടായ്മ ഒരു വ്യക്തി ജയിലിനകത്ത് ജീവിക്കേണ്ടിവരുന്ന കാലത്ത് മാത്രമല്ല, ശിക്ഷാകാലാവധി പൂർത്തിയാക്കി പുറത്തുവന്നതിനുശേഷവും അനുഭവിക്കേണ്ടിവരുന്നു. നഷ്ടപ്പെട്ട ജോലിക്ക് പകരം പുതിയ ഒരു

തൊഴിൽ നേടുന്നത് ഒരു മുൻ കുറ്റവാളിയെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസമുള്ള ഒരു കാര്യമാണ്. പലരും പിൽക്കാലത്ത് കുറ്റകൃത്യത്തിന്റെ വഴി തന്നെ തുടരാൻ ഒരു കാരണവും ഇതാണ്.

**തകരുന്ന കുടുംബ ബന്ധങ്ങൾ**

സാമൂഹ്യമായ ഒറ്റപ്പെടൽ പലപ്പോഴും കുടുംബബന്ധങ്ങളെ ശിഥിലമാക്കുന്നു. ഭർത്താവും, ഭാര്യയും, മക്കളും, മാതാപിതാക്കളും ഒരു കുറ്റവാളിയിൽ നിന്നും സ്വയം അകന്നു മാറുകയോ, മാറുവാൻ നിർബന്ധിതരാകുകയോ ചെയ്യുന്നു. തൽഫലമായി പല കുടുംബങ്ങളും ഛിന്നഭിന്നമായി പോകുന്നു. അതുകൊണ്ടുതന്നെ ഒരു കുറ്റവാളി ജയിൽമോചിതനാകുമ്പോഴേക്കും അയാൾക്ക് തന്റെ കുടുംബംതന്നെ നഷ്ടപ്പെടുന്നു. കുട്ടിക്കുറ്റവാളികളുടെ കാര്യത്തിൽ മാതാപിതാക്കൾ അവരെ ഉപേക്ഷിക്കുന്നില്ലെങ്കിൽപ്പോലും കുറ്റബോധം മൂലം പലരും കുടുംബത്തിൽ നിന്നും അകന്നു പോകുന്നു.

**ഗുരുതരമായ കുറ്റകൃത്യങ്ങളിലേക്കുള്ള പ്രവേശനം**

ചെറിയ കുറ്റകൃത്യങ്ങൾ ചെയ്ത് ജയിലിൽ പോകുന്നവർ പലപ്പോഴും കൊടും കുറ്റവാളികളുമായി സമ്പർക്കത്തിലാകുന്നു. ഇതിന്റെ ഒരു പാർശ്വഫലം എന്താണെന്നുവെച്ചാൽ ജയിൽ പ്രവേശനത്തിന്റെ ഒരു ഷോക്കിൽ ആകെ അമ്പരപ്പിലായ പുതിയ കുറ്റവാളികൾ മറ്റുള്ളവരുടെ നിയന്ത്രണത്തിലാകുകയും കൂടുതൽ ഗുരുതരമായ കുറ്റകൃത്യങ്ങളെക്കുറിച്ച് അറിവ് നേടുകയും ആ കൃത്യങ്ങളിൽ പിന്നീട് പങ്കാളികളാകുകയും ചെയ്യുന്നു.

'കുറ്റകൃത്യങ്ങളുടെ സർവകലാശാല' എന്ന് ജയിലുകൾ അറിയപ്പെടുന്നത് ഇതുകൊണ്ടാണ്. കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെടുന്ന കുട്ടികളിൽ മിക്കവരുടേയും പഠനത്തെ ഇതു



ബാധിക്കുകയോ നിന്നുപോകുകയോ ആണ് പതിവ്. അതിനാൽ ജയിൽ മോചിതരായാലും തുടർ വിദ്യാഭ്യാസം പലപ്പോഴും നിലച്ചുപോകുന്നതിനാൽ ഈ കുട്ടികൾ കുറ്റകൃത്യങ്ങളിലേക്കുതന്നെ വീണ്ടും തിരിയാൻ സാധ്യതയുണ്ട്.

**മദ്യം, മയക്കുമരുന്ന്, ആത്മഹത്യ എന്നീ മോചന മാർഗങ്ങൾ**

ഉറ്റവരും ഉടയവരും നഷ്ടപ്പെടുന്ന സാമൂഹിക ഒറ്റപ്പെടൽ അനുഭവിക്കേണ്ടിവരുന്ന പല വ്യക്തികളും മദ്യമോ മയക്കുമരുന്നോ ഒരു രക്ഷാമാർഗ്ഗമായി കാണുകയും അതിനടിമകളായി മാറുകയും ചെയ്യുന്നു. ചിലരെങ്കിലും ആത്മഹത്യയിൽ അഭയം പ്രാപിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ കുറ്റകൃത്യങ്ങളിൽ നിന്നും അകന്ന് നിൽക്കുന്നതാണ് ഒരു വ്യക്തിക്ക് ഏറ്റവും അഭികാമ്യം എന്നർത്ഥം. അതിനാൽത്തന്നെ ഇന്നത്തെ കുട്ടികളെ ഇതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് സ്കൂൾ കാലഘട്ടത്തിൽത്തന്നെ ബോധവാന്മാരാക്കേണ്ടതാണ്.

# കുറ്റകൃത്യങ്ങളിലേക്ക് നയിക്കുന്നത്...


കുറ്റകൃത്യങ്ങളിലേക്ക് ഒരാളെ നയിക്കുന്നകാരണങ്ങൾ മനഃശാസ്ത്രപരമായിട്ടും ജനിതകപരമായിട്ടും, സാമൂഹ്യപരമായും ഒക്കെ വ്യാഖ്യാനിച്ചിട്ടുണ്ട്.

എങ്ങനെയാണ് യാതൊരുവിധ മനസ്സാക്ഷിക്കുത്തുമില്ലാതെ കുറ്റകൃത്യങ്ങളിലേക്ക് ഒരാൾ നയിക്കപ്പെടുന്നത്, അതിനുള്ള ഘടകങ്ങൾ എന്തൊക്കെയാണ് എന്ന് ശ്രദ്ധിക്കുകയാണെങ്കിൽ എത്തിനിൽക്കുന്നത് ചില മനഃശാസ്ത്രപരമായ വസ്തുതകളി ലേക്കാണ്. ആ വ്യക്തിത്വത്തിൽ കടന്നുവന്നിട്ടുള്ള വൈകല്യങ്ങൾ യഥാ സമയം പരിഹരിക്കപ്പെടാതെ മുന്നോട്ടുപോവുകയാണെങ്കിൽ കൂടുതൽ തെറ്റുകളിലേക്ക് നയിക്കപ്പെടും എന്ന് നമുക്ക് മനസ്സിലാ ക്കാൻ കഴിയും. ചില ആളുകൾക്ക് ജന്മനാ ജീനുകളിൽ സംഭവിക്കുന്ന വ്യതിയാനങ്ങൾ കുറ്റ കൃത്യങ്ങളിലേക്ക് നയിക്കാം എന്ന് പറയുന്നുണ്ട്. എന്നാൽ ഇതിന് ഉപോത്ബലകമായ വലിയതെളിവുകൾ ഇല്ലെന്നു പറയാം. പക്ഷേ മനശാസ്ത്രപരമായും സാമൂഹ്യപരമായും ഇതിനെ വ്യാഖ്യാനിക്കുന്നതാണ് കൂടുതൽ ഉചിതവും വാസ്തവവും.

കുട്ടികളിൽ ആദ്യം രൂപം കൊള്ളുന്നത് Oppositional defiant disorderഎന്ന ഒരു അവസ്ഥയാണ്. ഒരു കുട്ടിക്ക് എട്ട് വയസ് തികയുന്നതിനുമുമ്പ് തന്നെ ഇതിന്റെ രോഗലക്ഷണങ്ങൾ സാധാരണ യായി ആരംഭിക്കുന്നു. പ്രകോപിപ്പിക്കാവുന്ന മാനസികാവസ്ഥ, വാദപ്രതിവാദവും ധിക്കാരപരവുമായ പെരുമാറ്റം, ആക്രമണവും പ്രതികാര നടപടിയും ആറുമാസത്തിലധികം നീണ്ടുനിൽക്കുന്നതും

വീട്ടിലോ സ്കൂളിലോ കാര്യമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ഇത് തിരുത്തിയില്ലെങ്കിൽ conduct disorder എന്ന തലത്തിലേക്കു രൂപം പ്രാപിക്കുന്നു. കുട്ടികളിലും കൗമാരക്കാരിലും ഉണ്ടാകാവുന്ന ഗുരുതരമായ പെരുമാറ്റവും വൈകാരികവുമായ വൈകല്യമാണ് പെരുമാറ്റ വൈകല്യം. ഈ തകരാറുള്ള ഒരു കുട്ടി വിനാശകരവും അക്രമാസക്തവുമായ പെരുമാറ്റ രീതി കാണിക്കുകയും നിയമങ്ങൾ പാലിക്കുന്നതിൽ വിമുഖത കാണിക്കുകയും ചെയ്യുന്നു. ഇതും പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിൽ ജുവനൈൽ കുറ്റകൃത്യം എന്നതലത്തിലേക്കു കുട്ടി എത്തിച്ചേരുന്നു. കുട്ടിയുടെ സാമൂഹിക വിരുദ്ധ അല്ലെങ്കിൽ ക്രിമിനൽ പ്രവർത്തനത്തെ സൂചിപ്പിക്കുന്നു ഇത്. ആൺകുട്ടികൾക്ക് 16 വയസ്സിന് താഴെയും പെൺകുട്ടികൾക്ക് 18 വയസ്സിന് താഴെയും ഇങ്ങനെ വരുകയും ഇതിൻ പ്രകാരം അവർ നിയമം ലംഘിക്കുകയും ചെയ്യുന്നു. ഈ കുറ്റങ്ങൾ മുതിർന്നവരാണ് ചെയ്യുന്നതെങ്കിൽ അതേ പ്രവൃത്തി ക്രിമിനൽ കുറ്റമാകുന്നു. ഇതും പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിൽ ആന്റിസോഷ്യൽ പേഴ്സണാലിറ്റി ഡിസോർഡർ എന്ന തലത്തിലേക്കു മാറാം.

നിർവചനം അനുസരിച്ച്, സാമൂഹിക വിരുദ്ധ വ്യക്തിത്വ വൈകല്യമുള്ള ആളുകൾ സമൂഹത്തിന്റെ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല. വഞ്ചകരും മറ്റുള്ളവരുടെ അവകാശങ്ങളെക്കുറിച്ച് ചിന്തിക്കാത്തവരുമാണ് അവർ. ഇത്തരത്തിലുള്ള വ്യക്തിത്വമുള്ള ആളുകൾ ക്രിമിനൽ പ്രവർത്തനങ്ങളിൽ പങ്കെടുക്കാം. അവർ അങ്ങനെ ചെയ്യുകയാണെങ്കിൽ, അവരുടെ വേദനിപ്പിക്കുന്ന പ്രവൃത്തികളിൽ അവർ ഖേദിക്കുന്നില്ല. അവ ചിലപ്പോൾ അക്രമാസക്തവുമാകാം.




എന്നാൽ ഇത്തരം മാനസിക നിലയിലേക്ക് വരുന്നതിന് കാരണമായ ചില സാമൂഹ്യ പശ്ചാത്തലങ്ങളും ഉണ്ട്. കുടുംബ ബന്ധങ്ങളിലെ ഉലച്ചിൽ, മോശമായ സാമൂഹ്യ പശ്ചാത്തലത്തിൽ ഉള്ള ജീവിതം ഇതെല്ലാം കുട്ടികളെ ഇത്തരം മാനസിക നിലവാരത്തിലേക്ക് കൊണ്ടുവരാൻ സാധ്യതയുണ്ട്. അതുകൊണ്ടു തന്നെ മോശം പശ്ചാത്തലത്തിൽ കഴിയുന്ന കുട്ടികളെ തിരിച്ചറിയുവാൻ അധ്യാപകരും അതുപോലെ സാമൂഹ്യ സേവകരും മാതാപിതാക്കളും വീട്ടുകാരും മറ്റും ശ്രമിക്കുക. അത്തരം മോശമായ സാമൂഹ്യ അന്തരീക്ഷത്തിൽ നിന്ന് അവരെ മാറ്റി അവരിലേക്ക് മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസത്തിന്റേയും ബോധവത്ക്കരണ ത്തിന്റേയും രീതികൾ സ്വീകരിച്ചാൽ ഇത്തരം കുറ്റകൃത്യങ്ങളിൽ നിന്ന് പൂർണ്ണമായും കുട്ടികളെ നമുക്ക് മോചിതരാക്കുവാനും മാറ്റിയെടു ക്കുവാനും കഴിയും.

# സ്വഭാവ രൂപീകരണം കുടുംബത്തിൽ തുടങ്ങാം

മാതാപിതാക്കളാണ് ഒരു വ്യക്തിയുടെ ശൈശവത്തിലെ പാഠ്യവിഷയം. 80% അറിവ് കാഴ്ചയിൽ നിന്നാണെങ്കിൽ തലച്ചോറിലെ മെമ്മറിയിൽ ആദ്യം സേവ് ചെയ്യപ്പെടുന്നത് മാതാപിതാക്കളുടെ ശീലങ്ങളാണ്. അവർ അറിഞ്ഞോ അറിയാതെയോ പറഞ്ഞുപോകുന്ന കളവുകളാണ് കുഞ്ഞുങ്ങളെ ആദ്യമായി സ്വാധീനിക്കുന്ന തെറ്റുകൾ, കൂടാതെ നേരല്ലാത്ത കാര്യങ്ങൾ കുട്ടികളെ കൂടുതൽ സ്വാധീനിക്കുന്നു. മാത്രമല്ല, സാധാരണ ക്രിമിനൽ റിപ്പോർട്ടിംഗ് കൂടുതൽ പ്രചാരം നേടുകയുമല്ലേ? അഭിവൃദ്ധി നേടാൻ അല്പം കൃത്രിമം ആവാം എന്നത് പൊതുസമൂഹത്തിൽ വേരൂന്നിയ താണെങ്കിൽ ആ സമൂഹത്തിന്റെ ചെറുപതിപ്പായ കുടുംബത്തിലെ മാതാപിതാക്കന്മാരിലും ആ സ്വഭാവം എത്താതെ വയ്യ. കുഞ്ഞുങ്ങളുടെ സ്വഭാവ രൂപീകരണത്തിലും ഇത് സ്വാധീനിക്കുന്നു. മദ്യപാനം, അതിന്റെ തുടർച്ചയായ തിന്മകൾ, നിയമ നിഷേധങ്ങൾ, തെറ്റായ ലൈംഗിക ശീലങ്ങൾ, ആഡംബരഭ്രമം, ദുർവ്യയം, നിഷേധാത്മക രീതികൾ തുടങ്ങിയവ മാതാപിതാക്കളിൽ ഉണ്ടെങ്കിൽ ശൈശവത്തിൽ തന്നെ മക്കൾക്കും അതിന്റെ കാര്യഗൗരവം കുറഞ്ഞു പോവുന്നു. കൂടാതെ അതൊക്കെ തെറ്റാണെന്ന ബോധം നഷ്ടപ്പെടുന്നു. കുട്ടികളുടെ ഭാവിയേയും അവരുടെ ആത്മവിശ്വാസത്തേയും തകരാറിലാക്കുന്ന മാതാപിതാക്കൾ തമ്മിലുള്ള പൊരുത്തക്കേടുകൾ, സഹകരണമില്ലായ്മ, വിവാഹമോചനം തുടങ്ങിയ കാര്യങ്ങളും പ്രസക്തമാണ്. അതുകൊണ്ട് സത്സ്വഭാവ രൂപീകരണം കുടുംബത്തിൽ നിന്നാണ് ആദ്യം തുടങ്ങേണ്ടത്.

# കുട്ടികളുടെ രക്ഷകർ അദ്ധ്യാപകരും മാതാപിതാക്കളും

നാദവും താളവും നിറവും സന്തോഷവും നിഷ്കളങ്കതയും നിറഞ്ഞതാണ് കുട്ടിക്കാലം. എന്നാൽ ആധുനിക കാലത്തിൽ സന്തോഷത്തോടെ കളിച്ചുനടക്കേണ്ട പ്രായത്തിൽ കുട്ടികൾ പല തരത്തിലുള്ള കുറ്റകൃത്യങ്ങളിലും ഏർപ്പെടുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. സ്വപ്നങ്ങൾ കാണുകയും അഭിരുചികളും ഭാവനയും ലക്ഷ്യങ്ങളും വളരേണ്ട കാലഘട്ടത്തിൽത്തന്നെ ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് കുറേപേരെങ്കിലും വലിച്ചെറിയപ്പെടുന്നു. കുട്ടിക്കുറ്റവാളികളെ കണ്ടെത്തി ശിക്ഷിക്കുക എന്നതിലുപരി ബാല്യ-കൗമാര കാലഘട്ടങ്ങളിൽ യാതൊരു കുറ്റകൃത്യങ്ങളിലും ഏർപ്പെടാതിരിക്കാനുള്ള സാഹചര്യമാണ് സമൂഹവും കുടുംബവും ഒരുക്കേണ്ടത്. ഈ വിഷയത്തിൽ മാതാപിതാക്കൾക്കും അദ്ധ്യാപക സമൂഹത്തിനും ഏറെ ചെയ്യുവാനുണ്ട്.

കൂട്ടു കുടംബങ്ങളിൽ നിന്ന് അണുകുടുംബങ്ങളിലേക്കുള്ള സമൂഹത്തിന്റെ മാറ്റം കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ ഏറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. നന്മയിലേക്ക് നയിക്കുന്ന ചിന്തകളോ, വികാരങ്ങളോ കുട്ടികളിൽ രൂപപ്പെടാനുള്ള സാഹചര്യം കുടുംബ ങ്ങളിൽ ഒരുക്കണം. സ്നേഹം പങ്കുവെയ്ക്കപ്പെടാനും പകരാനുമുള്ള താണെന്ന സത്യം മാതാപിതാക്കൾ അറിയുകയും പ്രവർത്തിക്കുകയും വേണം. കുട്ടികൾക്ക് സ്നേഹം, സമത്വം, സാഹോദര്യം, കാരുണ്യം, പങ്കുവെയ്ക്കലിന്റെ മഹത്വം, മുതിർന്ന അംഗങ്ങളോടുള്ള കരുതൽ തുടങ്ങിയവ ജീവിതവ്രതമാക്കാൻ ശീലിപ്പിക്കണം. ഒപ്പംതന്നെ സമൂഹ ത്തിലെ ദുഷ്പ്രവണതകൾ, കുറ്റകൃത്യങ്ങളിലേർപ്പെടുന്നവരുടെ ജീവിതപരാജയങ്ങൾ എന്നിവയും നമ്മുടെ നിയമവ്യവസ്ഥയും മറ്റും കുട്ടികളിലേയ്ക്ക് സ്വാഭാവിക ചർച്ചകളിലൂടെയും സൗഹൃദ സംഭാഷണങ്ങളിലൂടെയും പകരുവാൻ മാതാപിതാക്കൾക്ക് കഴിയണം.

മാതാപിതാക്കൾ നൽകുന്ന സ്നേഹത്തിനും ഉപദേശത്തിനും പകരമാകില്ല ഒന്നും എന്ന തിരിച്ചറിവ് സ്നേഹസമ്പന്നരായ മാതാപിതാക്കളേയും കളങ്കരഹിതരായ കുട്ടികളേയും സൃഷ്ടിക്കും.

കുട്ടികൾ ഏർപ്പെടുന്ന കുറ്റകൃത്യങ്ങളിൽ അവരെ വിചാരണ ചെയ്യുവാനും ശിക്ഷിക്കുവാനും കോടതികളും അവരെ തിരുത്തുവാൻ ദുർഗ്ഗുണപരിഹാര പാഠശാലകളും ഇന്ന് ധാരാളമുണ്ട്. എന്നാൽ വിദ്യാഭ്യാസകാലഘട്ടത്തിൽത്തന്നെ സ്വാഭാവികമായ പഠനാന്തരീക്ഷത്തിൽ അദ്ധ്യാപകർക്ക് കുറ്റകൃത്യങ്ങൾ, അവയിലേർപ്പെട്ടാലുണ്ടാകുന്ന ഭവിഷ്യത്തുകൾ, അവയിലൂടെ ഉണ്ടാകുന്ന ജീവിതപരാജയം എന്നിവ കുട്ടികൾക്ക് പകർന്ന് നൽകാൻ കഴിയണം. ചർച്ചകൾ, സംവാദങ്ങൾ, പ്രഭാഷണങ്ങൾ, പ്രബന്ധരചന, പ്രോജക്റ്റ്, സർവ്വേ, പ്രശ്നോത്തരി തുടങ്ങി വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ കുറ്റകൃത്യങ്ങളും അവയുടെ സങ്കീർണ്ണതകൾ, ഇന്ത്യൻ ശിക്ഷാനിയമം എന്നിവ കുട്ടികളിൽ എത്തിക്കുവാൻ അദ്ധ്യാപകർക്കാവണം. ഉപദേശങ്ങൾക്കപ്പുറത്ത് സ്വയം പഠനത്തിലൂടെ ആർജ്ജിക്കുന്ന അറിവുകൾ മാതൃകാജീവിതം സ്വീകരിക്കുവാൻ അവരെ സഹായിക്കും.

**"ദൈവത്തിന്റെ മനുഷ്യനിലുള്ള വിശ്വാസം ഇനിയും അസ്തമിച്ചിട്ടില്ല എന്ന സന്ദേശമാണ് പിറന്നുവീഴുന്ന ഓരോ ശിശുവും ഉദ്ഘോഷിക്കുന്നത്"** എന്ന **ടാഗോർ വചനം** എല്ലാ അർത്ഥത്തിലും ഉൾക്കൊണ്ടുകൊണ്ട് കുട്ടികളെ കുറ്റകൃത്യങ്ങളിൽ നിന്നും പൂർണ്ണമായി അകന്നുനിൽക്കുവാനുമുള്ള മനോഭാവം വളർത്തുവാനും നല്ല പൗരന്മാരാക്കിമാറ്റുവാനും അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും കഴിയണം.

# ഉപസംഹാരം

മനശാസ്ത്രജ്ഞർ പറയുന്നതുപോലെ ഏതൊരു കുറ്റവാളിയെയും പൂർണ്ണമായി തെളിവുകൾ നശിപ്പിക്കാൻ അയാളുടെ മനോനില സമ്മതിക്കുകയില്ല. അവ ചെയ്യുന്ന വെപ്രാളത്തിൽ ബഹുഭൂരിപക്ഷം കേസുകളിലും ഏതെങ്കിലും തെളിവുകൾ അവിടെ അവശേഷിക്കും. അതോടെ കേസ്സ് തെളിഞ്ഞ് പിന്നെ കടുത്ത ശിക്ഷ അനുഭവിക്കേണ്ടി വരുന്നത് നമ്മൾ സാധാരണ കാണാറുണ്ട്.

അതുപോലെ ഇപ്പോൾ നിത്യവും വാർത്തകളിൽ ഇടം പിടിക്കുന്ന വൈവാഹിക ജീവിതത്തിലെ പ്രശ്നങ്ങളായ സ്ത്രീധനമരണം, ഭർതൃ പീഡനം, ആത്മഹത്യാപ്രേരണപോലെയുള്ള ഗുരുതരമായ കുറ്റകൃത്യ ങ്ങളിൽ അകപ്പെട്ട ഭാര്യാഭർത്താക്കന്മാർക്കും, അവരുടെ കുടുംബാംഗ ങ്ങൾക്കും നിയമക്കുരുക്കുകൾ മൂലമുണ്ടായേക്കാവുന്ന ജീവിതപ്രതിസന്ധി കളെക്കുറിച്ചും അവ ഒഴിവാക്കേണ്ട ആവശ്യകതകളെക്കുറിച്ചും മറ്റും സ്വയം ബോധവാന്മാരാകേണ്ടതാണ്. കാരണം എത്ര പ്രഗത്ഭരായ വക്കീലന്മാർ കേസ്സ് വാദിച്ചാലും അവർക്ക് കേസ്സ് നീട്ടിക്കൊണ്ടുപോകാൻ സാധിക്കു മെന്നല്ലാതെ, എത്രവർഷങ്ങൾ കഴിഞ്ഞാലും കേസ്സിന്റെ വിധി വരുന്നതും സത്യവും നീതിയും ജയിക്കുന്നതും കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നതും സാധാരണ സംഭവങ്ങളാണ്. അതുകൊണ്ട് ബുദ്ധിയുള്ള യുവതലമുറ ഇവയുടെ സങ്കീർണ്ണതകൾ മനസ്സിലാക്കുകയും കൂടാതെ വിദ്യാർത്ഥി സമൂഹത്തിലെ അൻപത് ശതമാനം വരുന്ന വിദ്യാർത്ഥിനികൾ ഭാവിയിൽ അവരുടെ കുടുംബങ്ങളിൽ കൂടുതൽ അച്ചടക്കവും ചിട്ടയും നിയമങ്ങൾ പാലിക്കുന്ന കാര്യങ്ങളിൽ കൊണ്ടുവരുമെന്നും**(ആൺകുട്ടികളിലൂടെ വ്യക്തികളേയും പെൺകുട്ടികളിലൂടെ കുടുംബങ്ങളേയും മൂല്യബോധ മുള്ളവരാക്കി രൂപാന്തരപ്പെടുത്താമെന്ന മഹാത്മാഗാന്ധിയുടെ സന്ദേശം ഈ സന്ദർഭത്തിൽ പ്രസക്തമാണ്)** അങ്ങനെ കുറ്റകൃത്യങ്ങളിൽ ഏർപ്പെടാത്ത ഒരു തലമുറയായി അവർ മാറുമെന്നും നമുക്കു പ്രതീക്ഷിക്കാം.

അവസാനമായി പ്രധാനപ്പെട്ട ഒരു കാര്യം കൂടെ പറയുവാൻ ആഗ്രഹിക്കുന്നു. **ബഹുഭൂരിപക്ഷം സംഘട്ടനങ്ങളിലും കൊലപാതകങ്ങ ളിലും മറ്റു ക്രിമിനൽ കേസ്സുകളിലും അകപ്പെടുന്നതും അവയുടെ സങ്കീർണ്ണതകൾ അനുഭവിക്കുന്നതും കൂടുതലായും സമൂഹത്തിലെ സാധാരണക്കാരാണ് എന്ന കാര്യം പൊതുസമൂഹം തിരിച്ചറിയണം,**

**മറ്റുള്ളവർ കൗശലപൂർവ്വം ഇതിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്നു എന്നും നാം മനസ്സിലാക്കണം.**

അതുകൊണ്ട് ഒരു പൗരന്റെ മുഖ്യമായ ഉത്തരവാദിത്വം രാജ്യത്തെ നിയമങ്ങളേയും നിയമവ്യവസ്ഥകളേയും അനുസരിക്കുകയും അവ നടപ്പിലാക്കുവാൻ സഹായകരമായ നിലപാട് സ്വീകരിക്കുകയുമാണ്. ഓരോ വ്യക്തിയ്ക്കും തന്റെയും മറ്റു കുടുംബാംഗങ്ങളുടേയും ജീവനും സ്വത്തും സംരക്ഷിക്കാൻ നമ്മുടെ ഭരണഘടന അവകാശം നൽകുന്നുമുണ്ട്. അതുപോലെ തനിക്കു മാത്രമല്ല മറ്റെല്ലാവർക്കും അവരവരുടെ ജീവനും, സ്വത്തും ശരീരവും സംരക്ഷിക്കാൻ അവകാശം ഉണ്ടെന്നും അതുകൊണ്ട് മറ്റുള്ളവരെ ഒരു തരത്തിലും ഉപദ്രവിക്കുവാൻ നമുക്ക് യാതൊരു അവകാശവും അനുവാദവും ആരും തന്നിട്ടില്ലെന്നും അത് നിയമവിരുദ്ധമാണെന്നും മനസ്സിലാക്കണം.



ഈ സത്യം ഉൾക്കൊണ്ട് കുറ്റകൃത്യങ്ങളെയും അവയുടെ സങ്കീർണ്ണതകളെയും കുറിച്ച് പഠിച്ച് അവ കോടതികളിൽ തെളിഞ്ഞ് ശിക്ഷിക്കപ്പെടുമ്പോൾ **കുറ്റവാളിക്കും അവരുടെ കുടുംബത്തിനും മാത്രം അതൊരു തീരാക്കളങ്കമായി ജീവിതകാലം മുഴുവൻ അവശേഷിക്കും** എന്ന യാഥാർത്ഥ്യം മനസ്സിലാക്കി നിത്യജീവിതത്തിൽ ഉണ്ടായേക്കാവുന്ന ഓരോ പ്രശ്നങ്ങളെയും സമാധാനപരമായും സമചിത്തതയോടുകൂടിയും പരിഹരിച്ച് ധാർമ്മികബോധവും നീതിബോധവും ഉള്ള ഒരു തലമുറയായി വളരാൻ കഴിയട്ടെ എന്നും അതുവഴി നമ്മുടെ രാജ്യത്ത് ഭാവിയിൽ കുറ്റകൃത്യങ്ങളുടെ എണ്ണം കുറയ്ക്കുവാനും കഴിയട്ടെ എന്നും നമുക്ക് പ്രത്യാശിക്കാം.

*****************

# കുറ്റകൃത്യങ്ങളും അവയുടെ സങ്കീർണ്ണതകളും എന്ന പാഠ്യപദ്ധതിയെ ആസ്പദമാക്കി വിദ്യാർത്ഥികൾക്കുള്ള ചോദ്യങ്ങൾ

1. സർ ഐസക് ന്യൂട്ടന്റെ Every action has an equal and opposite reaction എന്ന സിദ്ധാന്തം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ എങ്ങനെ ബാധിക്കും?
2. കുറ്റവാസന മനസ്സിലുണ്ടായാലും കുറ്റകൃത്യങ്ങൾ വരെ എത്താതെ അവയെ എങ്ങനെ ഇല്ലാതാക്കാം?
3. കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്താൽ പോലീസ് ഉദ്യോഗസ്ഥർ എടുക്കുന്ന നടപടിക്രമങ്ങൾ ?
4. സർക്കാർ ഉദ്യോഗസ്ഥരും, ജനപ്രതിനിധികളും അഴിമതി കാട്ടിയാൽ കിട്ടിയേക്കാവുന്ന ശിക്ഷകൾ ?
5. മയക്കുമരുന്ന് കേസുകളുടെ ശിക്ഷാനടപടികൾ ?
6. സ്ത്രീധനമരണം, ഭർതൃപീഡനം, ഗാർഹികപീഡനം, ആത്മഹത്യാ പ്രേരണ പോലെയുള്ള വിവിധ കേസുകൾക്കുള്ള ശിക്ഷകൾ വിവരിക്കുക.
7. വാഹന നിയമ ലംഘനങ്ങളായ ഹെൽമറ്റ് ധരിക്കാതിരിക്കുക, സീറ്റ് ബെൽറ്റ് ഇടാതിരിക്കുക, മൊബൈൽ ഉപയോഗിക്കുക, മദ്യപിച്ച് വാഹനം ഓടിക്കുക മുതലായവയുടെ ശിക്ഷകളും, കൂടാതെ അവ മൂലം ഉണ്ടായേക്കാവുന്ന അപകടങ്ങളും വിവരിക്കുക.
8. കുറ്റം തെളിഞ്ഞ് ശിക്ഷിക്കപ്പെട്ടാൽ കുടുംബാംഗങ്ങൾക്ക് ഉണ്ടായേക്കാവുന്ന സാമൂഹ്യ പ്രശ്നങ്ങൾ ?
9. ജയിലറകളിൽ നിന്ന് പുറത്തുവരുമ്പോൾ മുൻ തടവുകാർ നേരിടുന്ന പ്രശ്നങ്ങൾ ?
10. മൊബൈൽ ഫോൺ, ഇന്റർനെറ്റ് എന്നിവയുടെ ദുരുപയോഗം വിദ്യാഭ്യാസ കാലഘട്ടങ്ങളെ എങ്ങനെ ബാധിക്കും ?
11. എന്തുകൊണ്ട് സത്സ്വഭാവരൂപീകരണം വീടുകളിൽത്തന്നെ തുടങ്ങണം?
12. എന്തുകൊണ്ട് സ്കൂൾ കാലഘട്ടത്തിൽത്തന്നെ കുറ്റകൃത്യങ്ങളെയും അവയുടെ സങ്കീർണ്ണതകളെപ്പറ്റിയും പഠിക്കണം.
13. കുറ്റകൃത്യങ്ങളിൽ ഏർപ്പെടാത്ത ഒരു തലമുറയായി മാറുവാൻ വിദ്യാർത്ഥികൾ എന്തുകൊണ്ട് പ്രതിജ്ഞാബദ്ധരാണ്?

## സന്ദേശം

# കുറ്റകൃത്യങ്ങളും അവയുടെ സങ്കീർണ്ണതകളും ഒരു പാഠപുസ്തകം

സനാതനധർമ്മ വിദ്യാശാല അവതരിപ്പിക്കുന്ന കുറ്റകൃത്യങ്ങളും അവയുടെ സങ്കീർണ്ണതകളും എന്ന ലഘുപുസ്തകം ഒരു കരുതലിന്റെ സ്നേഹമധുരം പങ്കുവയ്ക്കുന്നു. 'മഹത്വമീപരിശ്രമം എന്നു കുറിക്കാതിരിക്കാനാവില്ല.' കാലം കൈനീട്ടി നിൽക്കുന്ന ഇത്തരം നന്മകൾക്കായി ജീവിതവഴികളിൽ ദൈവം കാവലാളന്മാരെ നിർത്താറുണ്ട് എന്നതും നമ്മുടെ വിശ്വാസം.

കുറ്റകൃത്യങ്ങളും മറ്റ് അക്രമസംഭവങ്ങളും പെരുകിക്കൊണ്ടിരിക്കുന്ന ഈ വർത്തമാനകാലത്ത് കുട്ടികളും യുവജനങ്ങളും ഓർക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യം ഒരിക്കൽ അവയിൽ അകപ്പെട്ടുകഴിഞ്ഞാൽ അതിൽ നിന്ന് മോചിതരാകുവാൻ വളരെ പ്രയാസമാണ്. കാരണം അതിന്റെ അനുബന്ധ പ്രശ്നങ്ങൾ വന്നുകൊണ്ടേയിരിക്കും. അതുകൊണ്ട് വിജയകരമായ ഭാവി ജീവിതത്തിന് സത്യം, നന്മ, സമാധാനം എന്നീ പാതകളിലൂടെ സഞ്ചിരിക്കുന്നതാണ് ഉചിതം.

കുട്ടികളിലൂടെ ലഹരിപദാർത്ഥ വിധേയത്വവും ജീവിതശൈലീ രോഗങ്ങളുമില്ലാത്ത ഒരു തലമുറയെ വാർത്തെടുക്കുവാൻ 'ആരോഗ്യം നല്ലശീലങ്ങളിലൂടെ' എന്ന പദ്ധതി തയ്യാറാക്കിയ ശ്രീ. എ. ശിവസുബ്രഹ്മണ്യനെ ഏറെ നാളായിട്ട് എനിക്കറിയാം. റേഡിയോ നെയ്തലിൽ നിരവധി പ്രോഗ്രാമുകൾ കുട്ടികളുടെ രക്ഷയ്ക്കുവേണ്ടി അദ്ദേഹം ചെയ്തിട്ടുണ്ട്. അത്തരം പ്രവർത്തന

ങ്ങളുടെ തുടർച്ചയാണ് 'കുറ്റകൃത്യങ്ങളും അവയുടെ സങ്കീർണ്ണത കളും' എന്ന ലഘുപുസ്തകവും അതിലെ ആശയങ്ങളും.

ഈ പുസ്തകം കുട്ടികൾക്ക് നിശ്ചയമായും പ്രയോജനപ്പെടും. ഇതുവായിക്കുന്ന കുട്ടി കുറ്റകൃത്യങ്ങൾക്കെതിരെ ഒരു വാക്സിൻ എടുക്കുന്നതുപോലെയാണ്. കുറ്റകരമായ ഏതു സാഹചര്യത്തെയും അതിജീവിക്കുവാനുള്ള ആന്റിബോഡി (ആന്തരിക കരുത്ത്) കിട്ടും. കുട്ടികൾ പാഠപുസ്തകം പോലെ പഠിക്കുവാനാണ് രചയിതാവ് ഈ പുസ്തകം കൊണ്ട് ഉദ്ദേശിക്കുന്നത്. ഒടുവിൽ ഉത്തരമെഴുതേണ്ട ചോദ്യാവലി വരെ നൽകിയിരിക്കുന്നു. ഇതിൽ നിയമങ്ങളുണ്ട്, കഥകളുണ്ട്, പ്രത്യേക സാഹചര്യ വിവരങ്ങളുണ്ട്. ചുറ്റുപാടുകളാണ് പലപ്പോഴും കുറ്റകൃത്യങ്ങളിലേയ്ക്ക് നയിക്കുന്നത്. തെറ്റായ ചുറ്റുപാടുകളെ തിരിച്ചറിഞ്ഞു തിരുത്തുവാനുള്ള വഴികളും ഇതിലുണ്ട്. എല്ലാം പ്രയോജനപ്രദം, ലളിതമായ ഭാഷ, പ്രചോദനാത്മകമായ വിവരണം. കൊള്ളാം എല്ലാം ചേരുന്നു.

കുട്ടികൾ ഈ പുസ്തകം വായിക്കട്ടെ, ശോഭനമായ ഒരു ഭാവിയിലേയ്ക്ക് വളരട്ടെ. ഒരേയൊരു പ്രാർത്ഥന ഇത്തരം പരിശ്രമങ്ങൾ വിജയിക്കട്ടെ, നമ്മുടെ കുട്ടികൾ രക്ഷപെടട്ടെ, റേഡിയോ നെയ്തൽ കുടുംബാംഗങ്ങൾ കൂടെയുണ്ടാകും. ആശംസകൾ...!

ആലപ്പുഴ
1-02-2021

**ഫാ. സേവ്യർ കുടിയാംശ്ശേരി**
ഡയറക്ടർ, റേഡിയോ നെയ്തൽ

* അശരണരുടെ ക്ഷേമത്തിനുവേണ്ടി നിരന്തരം ശബ്ദമുയർത്തുന്ന അറിയപ്പെടുന്ന സാമൂഹ്യപ്രവർത്തകൻകൂടിയാണ് ഫാ. സേവ്യർ കുടിയാംശ്ശേരി.

## സന്ദേശം

### നിയമ അവബോധം - കാലഘട്ടത്തിന്റെ അനിവാര്യത

ഒരു ഇസ്ലാം മത വിശ്വാസിക്ക് ഖുറാൻ എന്നപോലെ, ക്രിസ്തുമത വിശ്വാസിക്ക് ബൈബിൾ എന്നപോലെ, ഒരു ഹിന്ദുവിന് ഭഗവദ്ഗീത എന്നപോലെ ജനാധിപത്യ മതേതരത്വ ഭാരതത്തിൽ ജീവിക്കുന്ന ഓരോ പൗരന്റെയും വിശുദ്ധഗ്രന്ഥം ഇന്ത്യയുടെ ഭരണഘടനയായിരിക്കണമെന്ന് ഈ അടുത്ത് വളരെ സുപ്രധാനമായ ഒരു വിധി ന്യായത്തിൽ ജസ്റ്റീസ് ഡി.വൈ. ചന്ദ്രചൂഡ് പറയുകയുണ്ടായി. ലോകത്തിലെ ഏറ്റവും ഉദാത്തമായ ഭരണഘടനയാണ് ഇന്ത്യൻ ഭരണഘടനയെന്ന് അർത്ഥശങ്കയ്ക്ക് ഇടയില്ലാത്ത വിധം നമുക്ക് പറയുവാൻ സാധിക്കും. നിയമത്തിന്റെ മുന്നിൽ എല്ലാവരും സമന്മാർ ആണെന്നും നിയമം എല്ലാവർക്കും ഒരുപോലെയാണെന്നും പറയുന്ന ഇന്ത്യൻ ഭരണ ഘടനയിലെ Article - 14, ജീവിക്കുവാനുള്ള അവകാശം മൗലിക അവകാശമാണെന്ന് പറയുന്ന ഇന്ത്യൻ ഭരണഘടനയിലെ Article - 21 എല്ലാം ഇതിന്റെ മകുടോദാഹരണങ്ങൾ ആണ്. എല്ലാ നിയമങ്ങളുടെയും ഉറവിടം എന്ന് പറയുന്നത് ഭരണഘടന തന്നെയാണ്. അതുകൊണ്ട് തന്നെയാണ് ഇന്ത്യൻ ഭരണ ഘടനയെ ഇന്ത്യയിലെ എല്ലാ നിയമങ്ങളുടെയും അമ്മയെന്ന് വിശേഷിപ്പിക്കുന്നത്. എന്ത് നിയമങ്ങൾ ഉണ്ടാക്കിയാലും പുതിയതായി നിയമം പാസാക്കിയാലും അത് ഭരണഘടനയ്ക്ക് വിധേയമായിരിക്കണം. ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങൾക്ക് എതിരായി ഏത് നിയമം പാസാക്കിയാലും അത് നിലനിൽക്കുകയില്ല.

നിയമം അറിയില്ല എന്നുള്ളതും നിയമലംഘനത്തിൽ നിന്ന് രക്ഷപ്പെടുവാൻ ഒരു പഴുത് അല്ല എന്നുള്ളതും നിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ട അർത്ഥവാക്യം ആണ്. എന്നാൽ അതേ അവസരത്തിൽ തന്നെ നമ്മുടെ വിദ്യാർത്ഥികൾക്ക് നിയമം ഒരു പാഠ്യ വിഷയം അല്ല എന്നുള്ളതും വലിയ ഒരു വിരോധാഭാസം തന്നെയാണ്. എന്നാൽ

ഈ സാഹചര്യത്തിൽ ഇത്തരത്തിൽ ഉള്ള നിയമ അവബോധം കുട്ടികളിൽ പ്രചരിപ്പിക്കുവാൻ സനാതന ധർമ്മ വിദ്യാശാലയും ശ്രീ. എ. ശിവസുബ്രഹ്മണ്യനും നടത്തുന്ന ശ്രമങ്ങളെ അഭിനന്ദിക്കാതിരിക്കുവാൻ കഴിയുകയില്ല.

ഇന്ത്യയിലെ ശിക്ഷാനിയമങ്ങൾ എല്ലാം തന്നെ കുട്ടികൾക്കും സ്ത്രീകൾക്കും വളരെയേറെ കരുതലും സംരക്ഷണങ്ങളും നൽകുന്ന നിയമങ്ങൾ ആണ്. ഏഴ് വയസ്സിന് താഴെയുള്ള കുട്ടികൾ എന്തു കുറ്റകൃത്യം ചെയ്താലും അത് കുറ്റകൃത്യമായി കണക്കാക്കാതെ അവർക്ക് മാപ്പു നൽകണമെന്ന് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 82–ാം വകുപ്പ് പറയുന്നു. കുട്ടികളുടെ കരുതലിനും സംരക്ഷണത്തിനുമായി ജുവൈനൽ ജസ്റ്റിസ് (Care and protection of children act) തന്നെ നമ്മുടെ രാജ്യത്ത് നിലവിൽ ഉണ്ട്. ഈ നിയമം 18 വയസ്സ് തികയാത്ത 14 നും 18 നും വയസ്സിന് ഇടയിൽ ഉള്ള കുട്ടികൾ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടാൽ അവരുടെ വിചാരണയും മറ്റും നടത്തുന്നതിന് വേണ്ടി ഉണ്ടാക്കിയിരിക്കുന്നതാണ്. ഇന്നത്തെ കുട്ടികൾ ആണ് നാളത്തെ ഭാവി പൗരൻമാർ എന്ന് തന്നെ മുന്നിൽ കണ്ടുകൊണ്ടാണ് ഇത്തരത്തിലുള്ള നിയമങ്ങൾ നമ്മുടെ രാജ്യത്ത് ഉണ്ടാക്കിയിരിക്കുന്നത്. എല്ലാ ജില്ലകളിലും ജുവൈനൽ ജസ്റ്റിസ് ബോർഡും ചൈൽഡ് വെൽഫെയർ ബോർഡും രൂപീകരിക്കുവാൻ ഈ നിയമം പ്രത്യേകം പറയുന്നുണ്ട്. സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ടും, ജീവിത സാഹചര്യംകൊണ്ടും, അറിവില്ലായ്മ കൊണ്ടും സാമൂഹിക സമത്വം നിലവിൽ ഇല്ലാത്ത നമ്മുടെ രാജ്യത്ത് ഒരു കുട്ടി ഒരു കുറ്റകൃത്യം ചെയ്തത് കൊണ്ടു മാത്രം അവനെ കുറ്റവാളിയായി മുദ്രകുത്താതെ തന്നെ അവനെ ഉപദേശിച്ച് തിരുത്തേണ്ടിടത്ത് തിരുത്തി, ക്രിമിനലുകളുമായി ചേരുവാൻ അവസരം ഉണ്ടാക്കാതെ ഉത്തമ പൗരനായി നല്ല വഴിക്ക് നയിക്കുവാൻ വേണ്ടിയാണ് കുട്ടികളുടെ കരുതലും സംരക്ഷണവും കരുതി ഈ നിയമം ഉണ്ടാക്കിയിരിക്കുന്നത്. എന്നാൽ രാജ്യം നമുക്കുതരുന്ന

അവകാശങ്ങളെക്കുറിച്ച് മനസ്സിലാക്കുമ്പോഴും ഒപ്പം തന്നെ ബോധവാന്മാർ ആകുമ്പോഴും അതേ അവകാശം തരുന്ന രാജ്യത്തോട് നിയമങ്ങൾ പാലിക്കുന്ന കാര്യങ്ങളിൽ കുട്ടികൾക്ക് കടമകളും ഉണ്ട് എന്ന് എല്ലാവരും ഓർക്കണം.

ഏതാനും വർഷങ്ങൾക്കു മുൻപ് ഡൽഹിയിൽ ഉണ്ടായ നിർഭയ കേസ് നമുക്ക് എല്ലാവർക്കും അറിയാം. ഏതാനും നരാധമൻമാർ നിരാലംബയായ യുവതിയെ ക്രൂരമായി ബലാൽസംഗം ചെയ്ത് കൊന്ന സംഭവം. അതേത്തുടർന്ന് ആണ് കുട്ടികളുടെയും, സ്ത്രീകളുടെയും സംരക്ഷണത്തിന് വേണ്ടി, കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമം തടയൽ നിയമം (പോക്സോ ആക്ട്) നിലവിൽ വന്നത് (2012). ഈ നിയമത്തിൽ കുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങൾക്ക് കടുത്ത ശിക്ഷയാണ് പറഞ്ഞിട്ടുള്ളത്. ഡൽഹിയിലെ നിർഭയ എന്ന കുട്ടി മരിക്കുന്നതിന് മുൻപ് അമ്മയോട് എന്തോ സംസാരിക്കണം എന്ന് പറഞ്ഞു. അമ്മ എന്താണ് എന്ന് ചോദിച്ചപ്പോൾ ആ കുട്ടി അമ്മയോടു പറഞ്ഞത് "എനിക്ക് ഈ ലോകത്ത് ജീവിച്ച് കൊതിതീർന്നില്ല" അതായിരുന്നു അവളുടെ അവസാന വാക്ക്. ഈ മനോഹരതീരത്ത് എനിക്ക് ഇനിയൊരു ജന്മം തരുമോ എന്ന് മലയാളത്തിന്റെ പ്രിയകവി വയലാർ പാടിയിട്ടുണ്ട്. ഈ മണ്ണും, പ്രകൃതിയും നമ്മുടെ എല്ലാവരുടെയുമാണ്. ആർക്കും ഇവിടെ പ്രത്യേക അവകാശം ഇല്ല. നിയമബോധത്തോടെ ജീവിക്കുന്ന തലമുറയ്ക്ക് മാത്രമേ നല്ലൊരു രാഷ്ട്രത്തെ കെട്ടിപ്പടുക്കുവാൻ സാധിക്കൂ. അതിന് വിദ്യാർത്ഥികളിൽ വിശിഷ്യാ നിയമ അവബോധം അവിഭാജ്യ ഘടകമാണ്. കുറ്റകൃത്യങ്ങളും അവയുടെ സങ്കീർണ്ണത കളും എന്ന ഈ പുസ്തകം ആ ശ്രമങ്ങൾക്ക് ഊർജ്ജം പകരട്ടെ.

ആലപ്പുഴ
1-02-2021

**അഡ്വ. ജി. പ്രിയദർശൻ തമ്പി**

* കേരളത്തിലെ പ്രമുഖ ക്രിമിനൽ അഭിഭാഷകനും സനാതന ധർമ്മ വിദ്യാശാലയിലെ പൂർവ്വ വിദ്യാർത്ഥിയുമാണ് അഡ്വ. ജി. പ്രിയദർശൻ തമ്പി.

## സന്ദേശം

## കുട്ടികളും കുറ്റകൃത്യങ്ങളും

കുറ്റവാളിയായി ആരും ജനിക്കുന്നില്ല. കുടുംബത്തിലെ അന്തരീക്ഷവും വളർന്നുവരുന്ന സാഹചര്യവുമാണ് ഒരാളുടെ സ്വഭാവത്തെ രൂപീകരിക്കുന്നത്. ജന്മനാ കുറ്റവാസനയുള്ള ആളുകൾ കാണുമെങ്കിലും ബഹുഭൂരിപക്ഷം കുറ്റവാളികളും സാഹചര്യത്തിന്റെ സമ്മർദ്ദം മൂലമാണ് കുറ്റവാളികളായി തീരുന്നത്. അനുയോജ്യരല്ലാത്ത ആളുകളുമായിട്ടുള്ള സൗഹൃദവും സഹവാസവുമാണ് പ്രധാന കാരണം. കൗമാരത്തിലും യൗവ്വനത്തിലും കൂട്ടുകാർ നമ്മെ വളരെയധികം സ്വാധീനിക്കുന്നു. ഒരാളുടെ താൽപര്യങ്ങളും സ്വഭാവവും അറിയണമെങ്കിൽ ആരാണ് അവന്റെ കൂട്ടുകാർ, എന്താണ് അവരുടെ Reputation എന്നു തിരക്കിയാൽ മതി. അൽപം കുസൃതിയും അനുസരണക്കേടുമൊക്കെ ചെറുപ്പകാലത്ത് പ്രത്യേകിച്ചും കൗമാര പ്രായത്തിൽ സാധാരണമാണ്. അധികമാകാതെ ഇരുന്നാൽ മതി.

കൗമാരത്തിൽ നിന്നും യൗവനത്തിലേയ്ക്കു കടക്കുമ്പോൾ നൈസർഗ്ഗികമായിട്ടുണ്ടാവുന്ന ശരീരത്തിന്റെ മാറ്റങ്ങൾ, ഹോർമോൺ വ്യതിയാനങ്ങൾ, വർദ്ധിച്ച ഊർജ്ജം, വികാര വിക്ഷോഭങ്ങൾ തുടങ്ങിയവ ശരിയായ രീതിയിൽ പഠനത്തിലേയ്ക്കും കളികളിലേയ്ക്കും സാമൂഹിക പ്രവർത്തനങ്ങളിലേയ്ക്കും തിരിച്ചു വിട്ടില്ലായെങ്കിൽ കുറച്ചു കുട്ടികളെങ്കിലും വഴി തെറ്റി പോകുവാൻ സാദ്ധ്യതയുണ്ട്. കളവു പറയുക, ചെറിയ കളവുകൾ ചെയ്യുക, താരതമ്യേന ശക്തികുറഞ്ഞ കുട്ടികളെ ഉപദ്രവിക്കുക ഇങ്ങനെ പല സ്വഭാവ ദൂഷ്യങ്ങളും ചിലരിൽ കാണാൻ കഴിയും. അദ്ധ്യാപകരുടെ ശാസന കൊണ്ടും നല്ലവരായ സുഹൃത്തുക്കളുടെ സമയോചിതമായ ഇടപെടലുകൾ കൊണ്ടും മാതാപിതാക്കളുടെയും രക്ഷാധികാരികളുടെയും ഉപദേശങ്ങൾ മൂലവും മിക്കവരും ഈ ഘട്ടത്തിൽ നിന്നും കൂടുതൽ മോശകരമായ രീതിയിലേയ്ക്കു പോകാറില്ല. പ്രായത്തിന്റെ പക്വത ആകുന്നതോടുകൂടി ഈ ശീലങ്ങൾ സാധാരണ ഗതിയിൽ മാറിപ്പോവും. മാറുന്നില്ലായെങ്കിൽ ഇതിനെ ഗൗരവമായി കാണേണ്ടിയിരിക്കുന്നു.

ഒരു കുട്ടി പ്രത്യേകിച്ച് കാരണമൊന്നുമില്ലാതെ ക്ലാസ്സിൽ റഗുലർ ആയി വരാതിരിക്കുക, ക്ലാസ് കട്ട് ചെയ്ത് മറ്റു പരിപാടികൾക്കു പോകുക, രഹസ്യമായി പുകവലിക്കുക, മദ്യപിക്കുക, വീട്ടിൽ നിന്നും ഒളിച്ചോടിപ്പോകുവാൻ ആലോചിക്കുക തുടങ്ങിയ കാര്യങ്ങൾ അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടത് വളരെ ആവശ്യമാണ്. Juvenile delinquent എന്ന കാറ്റഗറിയിൽ ഉൾപ്പെടുന്ന മിക്ക കുട്ടികളും വീട്ടിൽ നിന്നുള്ള ഒളിച്ചോട്ടവും ശേഷമുള്ള തെരുവു ജീവിതവും തുടർന്നാണ് കുറ്റകൃത്യങ്ങളിലേയ്ക്ക് കടക്കുന്നത്. വിദ്യാഭ്യാസ

സ്ഥാപനങ്ങൾക്കു ചുറ്റും മയക്കു മരുന്നുകൾ പ്രചരിപ്പിക്കുവാനുള്ള സംഘടിത ശ്രമങ്ങൾ സാമൂഹ്യ വിരുദ്ധർ (Anti social elements) നടത്തുന്നുണ്ട്. ഇങ്ങനെയുള്ള കെണികളിൽ വീണുപോവാതിരിക്കുവാൻ ഓരോ കുട്ടിയും സൂക്ഷിക്കണം. മയക്കുമരുന്ന കച്ചവടത്തിന്റെ വിവരങ്ങൾ രഹസ്യമായി പോലീസിനെ അറിയിക്കുവാനുള്ള സംവിധാനങ്ങൾ ഇപ്പോൾ നിലവിലുണ്ട്.

കുറ്റകൃത്യങ്ങളെ പ്രധാനമായും 8 ആയി തരംതിരിച്ചിരിക്കുന്നു. 1) ശരീരത്തിന് എതിരായ കുറ്റങ്ങൾ (Crime against body) ഉദാ: അടി, ഇടി, മുറിവേല്പ്പിക്കുക, കൊല ചെയ്യുക. 2) വസ്തുക്കൾക്ക് എതിരായ കുറ്റങ്ങൾ (Crime against property) ഉദാ: മോഷണം, പിടിച്ചുപറി, കവർച്ച, പണം കബളിപ്പിക്കുക, വിശ്വാസവഞ്ചന, അനധികൃതമായി അന്യരുടെ വസ്തുവിൽ പ്രവേശിക്കുക, കൃത്രിമരേഖകൾ ഉണ്ടാക്കുക. 3) സ്ത്രീകൾക്ക് എതിരായ കുറ്റകൃത്യങ്ങൾ (Crime against women). 4) കുട്ടികൾക്ക് എതിരായ കുറ്റകൃത്യങ്ങൾ (Crime against children). 5) രാഷ്ട്രത്തിന് എതിരായ കുറ്റങ്ങൾ (Crime against State) ഉദാ: ചാരവൃത്തി, പൊതുമുതൽ നശിപ്പിക്കുക. 6) സാമ്പത്തിക കുറ്റങ്ങൾ (Economic offences) ഉദാ: കൈക്കൂലി, ടാക്സ് വെട്ടിക്കുക, കരിഞ്ചന്ത, കള്ളപ്പണം. 7) ട്രാഫിക് സംബന്ധമായ കുറ്റങ്ങൾ. 8) മയക്കുമരുന്ന് കേസുകൾ. ഉദാ: കഞ്ചാവ്, ഹാഷീഷ്, കറുപ്പ് മറ്റ് ലഹരി മരുന്നുകൾ തുടങ്ങിയവ ഉപയോഗിക്കുന്നതും, വിൽക്കുന്നതും വാങ്ങുന്നതും വലിയ കുറ്റകൃത്യമായിട്ടാണ് നിയമം കാണുന്നത്.

കുറ്റവാളികളെ കണ്ടുപിടിച്ച് വിചാരണ ചെയ്ത് ശിക്ഷിക്കുന്നതുപോലെ പ്രാധാന്യമുള്ളതാണ് കുറ്റകൃത്യങ്ങൾ തടയുന്നതും കുറ്റകൃത്യങ്ങളിൽ നിന്ന് യുവജനങ്ങളെ പിന്തിരിപ്പിക്കുന്നതും. കുറ്റകൃത്യങ്ങളെക്കുറിച്ചും ജീവിതത്തിൽ വരാൻ സാദ്ധ്യതയുള്ള വീഴ്ചകളെക്കുറിച്ചും മുൻകൂട്ടി ബോധവൽക്കരിക്കുവാനുള്ള സനാതനധർമ്മ വിദ്യാശാലയുടെയും ശ്രീ. എ. ശിവസുബ്രഹ്മണ്യന്റെയും ഉദ്യമം തികച്ചും ശ്ലാഘനീയവും സമൂഹത്തിന് ഗുണകരവുമായിരിക്കുമെന്ന് കരുതുന്നു. കെട്ടുറപ്പുള്ള കുടുംബങ്ങളും നിസ്വാർത്ഥമായി സ്നേഹിക്കുന്ന കുടുംബാംഗങ്ങളും, ഉത്തരവാദിത്തബോധമുള്ള അദ്ധ്യാപകരും ക്രിയാത്മകമായ പാഠ്യ-പാഠ്യേതര പദ്ധതികളുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും സൂക്ഷ്മമായി നിരീക്ഷിക്കുന്ന സമൂഹവുമാണ് കുട്ടികൾ കുറ്റകൃത്യങ്ങളിൽ വീണുപോകാതിരിക്കുവാനുള്ള പ്രതിരോധങ്ങൾ.

ആലപ്പുഴ
1-02-2021

**ഡോ. ജോൺ വി. ജോർജ്** IPS (Retd.)

* മുൻ ഹരിയാന ഡി.ജി.പി.യും എസ്.ഡി. കോളേജിലെ പൂർവ്വവിദ്യാർത്ഥിയുമാണ് ഡോ. ജോൺ വി. ജോർജ് IPS (Retd.)

## കുറ്റകൃത്യങ്ങളും അവയുടെ സങ്കീർണ്ണതകളും


ആശയം, രചന, ആവിഷ്ക്കാരം : **ശ്രീ. എ. ശിവസുബ്രഹ്മണ്യൻ**
(Member, SDV Managing Committee)

അവതാരിക, വിദഗ്ദ്ധോപദേശം : **ശ്രീ. ഹാരി സേവ്യർ IPS Retd.**

*ജയിലറകളിലെ ജീവിതം* അവതരണം : **ശ്രീ. എ.കെ. മുഹമ്മദ് താഹർ**
Trustee, Al-Ameen Educational Group, Cochin

*ബാബുവിന്റെ പ്രശ്നം* അവതരണം : **ഡോ. വി.പി. വിശ്വകുമാർ**

എഡിറ്റിംഗ്, ഗവേഷണം : **ശ്രീ. മധു ആലപ്പുഴ**

*കുറ്റകൃത്യങ്ങളിലേയ്ക്ക് നയിക്കുന്നത്* അവതരണം : **ഡോ. റ്റി. സുനിൽകുമാർ,**
SD College, Alappuzha

*മൊബൈൽഫോൺ ഇന്റർനെറ്റ് ദുരുപയോഗം* അവതരണം : **ശ്രീ. പി. വിശ്വനാഥ്**
ലൈബ്രറി അസിസ്റ്റന്റ്
SD College, Alappuzha

*സ്വഭാവരൂപീകരണം കുടുംബത്തിൽ നിന്ന്* അവതരണം : **ഡോ. ബാബു വർഗീസ്**
Alappuzha

IPC നിയമങ്ങൾ : **അഡ്വ. സുപ്രിയ പരമേശ്വരൻ**

അവതരണം : **അഡ്വ. പൂർണ്ണിമ എസ്. നായർ**

ക്രമീകരണം : **അഡ്വ. രാജേഷ് എസ്. സുബ്രഹ്മണ്യൻ**
(High Court, Kerala)

*കുട്ടികളുടെ രക്ഷകർ അദ്ധ്യാപകരും മാതാപിതാക്കളും* അവതരണം : **ശ്രീ. ജി. മണി**
Govt. TTI, Alappuzha

ചിത്രങ്ങൾ : **ശ്രീ. ജിനു ജോർജ്** ചിത്രകലാ അദ്ധ്യാപകൻ
SDV BHS, Alappuzha

*ആസൂത്രണം* : **ഡോ. ജി. നാഗേന്ദ്ര പ്രഭു**
SD College, Alappuzha

വിവരണങ്ങൾക്കും പ്രചോദനങ്ങൾക്കും ശ്രീ. എ. ബാലകൃഷ്ണൻ, ശ്രീ. കെ. ബാലാജി (SDV Trustees) ശ്രീ. ആർ. ഗോപിനാഥ്, ശ്രീ.എം.ബി.ശ്രീകുമാർ, ശ്രീ. എസ്. ശിവപ്രസാദ് (Kerala Police Rtd.), ശ്രീ. കെ.വി. ജയചന്ദ്രൻ (Kerala Police), ഡോ.എം.ജയകുമാർ (Psychiatrist), SDV Institutional Heads- ഡോ. പി.ആർ. ഉണ്ണികൃഷ്ണപിള്ള (SDC), ഡോ. ടി.എ. ബാലാംബിക (SDVC) ശ്രീമതി ഇന്ദു ദത്ത് (Retd.), ശ്രീമതി സുനിതാദേവി പി. (E.M.H.S.S.), ശ്രീമതി എ.പി. നന്ദിനിക്കുട്ടി (H.S.S.), ശ്രീമതി പി. ജയശ്രീ (G.H.S.), ശ്രീമതി ടി.എം.ബിന്ദു (B.H.S.), ശ്രീ. അരുൺ കിഷോർ ബി.എൽ. (SDC Web Design), തിയോസഫിസ്റ്റുകളായ ശ്രീ. കെ.എം. വാസുദേവൻ, ഡോ.എം.എൻ.ശശികുമാർ, ശ്രീ.എസ്.ശിവദാസ്, ശ്രീ.എസ്.മധുസൂദനൻ പിള്ള, ശ്രീ.പ്രമോദ് ഹെഗ്ഡെ, ശ്രീ.പി.വിശ്വനാഥപിള്ള, ശ്രീ.ഇ.പി.പങ്കജാക്ഷൻനായർ, ശ്രീ.എൽ.ജി.രാമസ്വാമി, പ്രൊഫ. കെ. സുധാകരൻപിള്ള, ശ്രീമതി ലക്ഷ്മീഭായി, ശ്രീമതി ജയശ്രീ, ശ്രീ. ബാലു, ശ്രീ. സുധാകരൻ, ഡോ.എം.എ.രവീന്ദ്രൻ & ശ്രീ. കെ.ദിനകരൻ (KTF)കൂടാതെ ശ്രീ. പി.ജെ. ജോസഫ് അർജ്ജുന & ശ്രീ. ചിക്കൂസ് ശിവൻ (SDV OSA), ശ്രീ. വിനേഷ് പി.വി. (GHS PTA), ശ്രീ. സുൽഫി ഹക്കിം (BHS PTA), ശ്രീ.നെൽസൺ ജോൺ, ശ്രീ.തോമസ് ഡേവിഡ്, ശ്രീ.എ.മുരുകദാസ്, ശ്രീ.കെ.ബി.നാരായണ അയ്യർ, ശ്രീ.പി.വെങ്കിട്ടരാമ അയ്യർ, ഡോ.എസ്.നാരായണൻ & ഡോ. സിന്ധു അന്തർജ്ജനം (Proof Reading, SDC, Alpy), ശ്രീ. വിനോദ്, ശ്രീ. സാംസൺ, ശ്രീമതി രാധ, ശ്രീ. പി. സന്തോഷ് കുമാർ (Alpy Offset), ശ്രീ.സതീഷ് ആലപ്പുഴ (മാധ്യമപ്രവർത്തകൻ) അഡ്വ.കെ.പി.മെഹബൂബ് ഷെരീഫ്, അഡ്വ.ഹരിഹരപുത്രൻ, അഡ്വ.തുളസി കൃഷ്ണൻ, അഡ്വ.കല്ലേലി പരമേശ്വരൻ, അഡ്വ. സുജിനി വെങ്കിടാചലം എന്നിവരോട് നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.



# പ്രതിജ്ഞ

കുറ്റകൃത്യങ്ങൾ,
അവയുടെ ശിക്ഷാ നടപടികൾ
പിന്നെ സങ്കീർണ്ണതകൾ എന്നിവയെക്കുറിച്ച്
ശാസ്ത്രീയമായി മനസ്സിലാക്കി ഭാവിയിൽ
കുറ്റകൃത്യങ്ങളിൽ ഏർപ്പെടാത്ത
ഒരു തലമുറയായി ഞങ്ങൾ ജീവിക്കുമെന്നും
ഈ അറിവുകൾ സമൂഹത്തിന്
ഉപകാരപ്രദമാകും രീതിയിൽ
പ്രചരിപ്പിക്കുമെന്നും പ്രതിജ്ഞ ചെയ്യുന്നു

വിദ്യാർത്ഥിസമൂഹത്തിന്റെ പൊതുനന്മയ്ക്കായി കുറ്റകൃത്യങ്ങളിൽ
ഏർപ്പെടാത്ത മൂല്യബോധമുള്ള ഒരു തലമുറയെ
വാർത്തെടുക്കുന്നതിനുവേണ്ടി സനാതനധർമ്മ വിദ്യാശാല
അവതരിപ്പിക്കുന്ന സമഗ്ര ബോധവത്ക്കരണ പദ്ധതിയായ
"കുറ്റകൃത്യങ്ങളും അവയുടെ സങ്കീർണ്ണതകളും"
http://www.sdcollege.in/legal-awareness.html
എന്ന വെബ് സൈറ്റിൽ നിന്ന് സൗജന്യമായി ഡൗൺലോഡ് ചെയ്ത്
എല്ലാവർക്കും പ്രയോജനപ്പെടുത്താവുന്നതാണ്.

വിദ്യാഭ്യാസം കേവലം ഒരു ജോലി ലഭിക്കുവാൻ വേണ്ടി മാത്രമുള്ളതല്ലല്ലോ?
അവയിലൂടെ ലഭിക്കുന്ന മഹത്തായ അറിവുകൾ ജീവിതത്തിൽ
പ്രാവർത്തികമാക്കുവാൻ വേണ്ടിയുള്ളതാണ്.

**സനാതനധർമ്മവിദ്യാശാല**